കേരള സർക്കാർ

# വനിതാ ശിശു വികസന വകുപ്പിന്റെ
# ഭരണ റിപ്പോർട്ട്
# 2019-20

©
കേരള സർക്കാർ
2024

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2024.

# വനിതാ ശിശു വികസന വകുപ്പിന്റെ

# ഭരണ റിപ്പോർട്ട്

# 2019-20

| ക്രമ നമ്പർ | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 |
| 2 | ഓർഗനൈസേഷണൽ സെറ്റ് അപ്പ് | 2-6 |
| 3 | ശിശുവികസനം | 7-16 |
| 4 | ശിശു സംരക്ഷണം | 17-31 |
| 5 | വനിതാ ശാക്തീകരണവും വികസനവും | 32-47 |
| 6 | അടിസ്ഥാന സൗകര്യ വികസനം | 47-51 |
| 7 | മറ്റ് പ്രവർത്തനങ്ങളും പരിശീലന പരിപാടികളും | 51-54 |
| 8 | സാമ്പത്തിക അവലോകനം | 54-56 |
| 9 | കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി | 57-64 |


## ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനായി 30-6-2017-ലെ സ.ഉ.(കൈ) നമ്പർ . 24/2017/സാനീവ സർക്കാർ ഉത്തരവ് പ്രകാരം സാമൂഹ്യ നീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും 24-11-2017 മുതൽ ഒരു പ്രത്യേക വകുപ്പായി വനിതാ ശിശു വികസന വകുപ്പ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. വനിതാ ശിശു വികസന വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ രൂപകല്പന ചെയ്യുകയും സ്ത്രീകൾക്കും കുട്ടികൾക്കും ഫലപ്രദമായ സേവന വിതരണം ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

### ദർശനം

എല്ലാ സ്ത്രീകളും സാമൂഹികമായും രാഷ്ട്രീയമായും സാമ്പത്തികമായും ശാക്തീകരിക്കപ്പെടുന്നതും എല്ലാ കുട്ടികളും സംരക്ഷിക്കപ്പെടുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും അവരുടെ മുഴുവൻ കഴിവുകളും തിരിച്ചറിയുന്നതിനും അവരെ ബാധിക്കുന്ന തീരുമാനങ്ങളിൽ ഉചിതമായ രീതിയിൽ പങ്കെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്ഥാനം.

# ഓർഗനൈസേഷണൽ സെറ്റ് അപ്പ്



## ഗസറ്റഡ് തസ്തികകൾ (31-3-2020 പ്രകാരം)

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ഡയറക്ടർ | 1 | 1 |
| 2 | അഡിഷണൽ ഡയറക്ടർ /സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ | 1 | 0 |
| 3 | ജോയിന്റ് ഡയറക്ടർ | 1 | 0 |
| 4 | അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 |
| 5 | ലാ ഓഫീസർ | 1 | 1 |
| 6 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 1 |
| 7 | ഫിനാൻസ് ഓഫീസർ | 2 | 2 |
| 8 | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 14 | 9 |
| 9 | പ്രോഗ്രാം ഓഫീസർ | 16 | 13 |
| 10 | ശിശു വികസന പദ്ധതി ഓഫീസർ | 258 | 248 |
| 11 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ആർ ഡി പി ഒ | 13 | 3 |
| 12 | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I | 3 | 1 |
| 13 | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ | 14 | 8 |
| 14 | സീനിയർ സൂപ്രണ്ട് | 24 | 24 |
| ആകെ | | 352 | 314 |

## നോൺ ഗസറ്റഡ് തസ്തികകൾ (31-3-2020 പ്രകാരം)

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 2 | 12 | 11 |
| 2 | ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 3 | 14 | 14 |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 2 | 4 | 0 |
| 4 | I CDS സൂപ്പർവൈസർ | 1327 | 1089 |
| 5 | ജൂനിയർ സൂപ്രണ്ട് | 75 | 74 |
| 6 | ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് | 58 | 57 |
| 7 | സീനിയർ ക്ലാർക്ക് | 264 | 260 |
| 8 | ക്ലാർക്ക് | 202 | 176 |
| 9 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 62 | 52 |
| 10 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 | 2 |
| 11 | ടൈപ്പിസ്റ്റ് | 117 | 117 |
| 12 | ഡ്രൈവർ | 65 | 64 |
| 13 | PD ടീച്ചർ | 5 | 0 |
| 14 | ലിറ്ററസി ടീച്ചർ | 2 | 0 |
| 15 | ഡാൻസ് മാസ്റ്റർ | 1 | 0 |
| 16 | കെയർ ടേക്കർ ( മെയിൽ ) | 53 | 50 |
| 17 | കെയർ ടേക്കർ (ഫീമെയിൽ ) | 35 | 24 |
| 18 | മേട്രൺ ഗ്രേഡ് 1 | 14 | 6 |
| 19 | മേട്രൺ ഗ്രേഡ് 2 | 1 | 1 |
| 20 | ഇലെക്ട്രിഷ്യൻ കം പമ്പ് ഡ്രൈവർ | 1 | 1 |
| 21 | ഗാർഡനെർ | 1 | 0 |
| 22 | പാർട്ട് ടൈം ഭാഗവതർ /പാർട്ട് ടൈം മ്യൂസിക് ടീച്ചർ | 2 | 0 |
| 23 | അഗ്രിക്കൾച്ചർ ഇൻസ്ട്രക്ടർ | 2 | 0 |
| 24 | വീവിങ് ഇൻസ്ട്രക്ടർ | 1 | 0 |
| 25 | ഫിസിക്കൽ ട്രെയിനിങ് ഇൻസ്ട്രക്ടർ | 3 | 0 |
| 26 | ടെയ്‌ലറിങ് ഇൻസ്ട്രക്ടർ/നീഡിൽ വർക്ക് ടീച്ചർ | 4 | 0 |

| | | | |
|---|---|---|---|
| 27 | കാർപെന്ററി ഇൻസ്ട്രക്ടർ | 2 | 1 |
| 28 | മ്യൂസിക് ടീച്ചർ | 1 | 0 |
| 29 | പാർട്ട് ടൈം ഹിന്ദി ടീച്ചർ | 3 | 0 |
| 30 | ചൈൽഡ് വെൽഫെയർ ഇൻസ്ട്രക്ടർ | 19 | 18 |
| 31 | ക്രാഫ്റ്റ് ഇൻസ്ട്രക്ടർ | 1 | 0 |
| 32 | സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ | 1 | 0 |
| 33 | ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ | 16 | 16 |
| 34 | ന്യൂട്രീഷനിസ്റ്റ് | 2 | 0 |
| 35 | ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ് | 2 | 0 |
| 36 | പ്രീ സ്കൂൾ എഡ്യൂക്കേഷനിസ്റ്റ് | 2 | 0 |
| 37 | സോഷ്യോളജിസ്റ്റ് | 2 | 0 |
| | **ആകെ** | **2378** | **2033** |

## <u>ലാസ്റ്റ് ഗ്രേഡ് തസ്തികകൾ</u>

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ടത് | നിലവിലുള്ളത് |
|---|---|---|---|
| 1 | ഓഫീസ് അറ്റന്റന്റ് | 335 | 321 |
| 2 | വാച്ച്മാൻ | 12 | ജീവനക്കാരെ പുനർ വിന്യസിച്ചിട്ടില്ല |
| 3 | വാച്ച് വുമൺ | 8 | ജീവനക്കാരെ പുനർ വിന്യസിച്ചിട്ടില്ല |
| 4 | ക്ലറിക്കൽ അറ്റൻഡർ | 1 | 1 |
| 5 | പാർട്ട് ടൈം സ്വീപ്പർ | 152 | 121 |
| 6 | ആയ | 8 | 7 |
| 7 | കുക്ക് | 31 | 26 |
| | ആകെ | 547 | 476 |

# ശിശുവികസനം

## സംയോജിത ശിശു വികസന സേവന പദ്ധതി

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്ര വികാസനത്തിനു വേണ്ടി ദേശീയതലത്തിൽ നടപ്പാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് സംയോജിത ശിശു വികസന സേവനപദ്ധതി. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ ആരോഗ്യ പോഷകാഹാര ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം തന്നെ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായ ക്കാരായ പെൺകുട്ടികൾ എന്നിവരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കീഴിൽ ചുവടെ പറയുന്ന സേവനം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു.

1. അനുപൂരക പോഷകാഹാരം
2. പ്രതിരോധകുത്തിവെയ്പ്പ്
3. ആരോഗ്യപരിശോധന
4. പരാമർശിത സേവനം
5. ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം
6. പ്രീസ്കൂൾ വിദ്യാഭ്യാസം

സംസ്ഥാനത്ത് 33115 അങ്കണവാടികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതി നടപ്പാക്കുന്നതിനുള്ള ഭരണപരമായ ചെലവുകൾ, അങ്കണവാടി കൾക്കാവശ്യമായ മെഡിസിൻ കിറ്റ് ചെലവ്, അങ്കണവാടികൾക്കാവശ്യമായ പ്രീസ്കൂൾ കിറ്റ്, അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം, അങ്കണവാടികളുടെ ആകസ്മിക ചെലവുകൾ തുടങ്ങിയവയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ലഭിച്ചുവരുന്നു. പദ്ധതിയിലുൾപ്പെട്ട നിശ്ചിത വിഭാഗം ജീവനക്കാർക്ക് വിതരണം ചെയ്യുന്ന ശമ്പളതുകയുടെ 25%വും മറ്റ് ചെലവുകളുടെ 60% തുകയുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചു വരുന്നത്.

2019-20 സാമ്പത്തിക വർഷം പദ്ധതിയിലുൾപ്പെട്ട വിവിധ ഘടകങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു .

1. **അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ് ഫണ്ട് (കണ്ടിജൻസി ഫണ്ട്):** സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടി കേന്ദ്രങ്ങളിൽ 2000/-രൂപ നിരക്കിലും, മിനി അങ്കണവാടി കേന്ദ്രങ്ങളിൽ 1000/- രൂപ നിരക്കിലും കണ്ടിജൻസി സാധനങ്ങൾ (അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്) വാങ്ങുന്നതിന് കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം 60:40 ആനുപാതത്തിൽ തുക വിനിയോഗിക്കുന്നതിന് 24.06.2019 തീയതിയിലെ സ.ഉ.(സാധാ)നം.373/2019/സാ.നീ.വ നമ്പർ ഉത്തരവ്

പ്രകാരം അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴി പ്രവർത്തിക്കുന്ന 32986 അങ്കണവാടികൾക്കും 129 മിനി അങ്കണവാടികൾക്കു 2019-20 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തി ആകെ 6,61,01,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

2. **പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ്**: സംയോജിത ശിശു വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടികളിലെ കുട്ടികൾക്കായി പ്രീ സ്കൂൾ കിറ്റുകൾ വാങ്ങുന്നതിനായി അങ്കണവാടി/മിനി അങ്കണവാടി ഒന്നിന് 5000/- രൂപ നിരക്കിൽ 60:40 എന്ന കേന്ദ്ര ആനുപാതത്തിൽ തുക ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 32986 അങ്കണവാടികൾക്കും 129 മിനി അങ്കണവാടികൾക്കു 2019-20 സാമ്പത്തിക വർഷം പ്രീസ്കൂൾ കിറ്റ് ബ്ലോക്ക് ലെവലിൽ നിലവിലുള്ള procurement committee യുടെ അനുമതിക്ക് വിധേയമായി ടെണ്ടർ നടപടിക്രമം പാലിച്ച് വാങ്ങുന്നതിന് CDPO മാർക്ക് ആകെ 16,55,75,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.
3. **മെഡിസിൻ കിറ്റ്**: സംയോജിത ശിശു വികസന പദ്ധതിയുടെ പരിധിയിൽപ്പെടുന്ന അങ്കണവാടികൾക്ക് ആവശ്യമായ മെഡിസിൻ കിറ്റ് വാങ്ങുന്നതിനായി അങ്കണവാടി ഒന്നിന് 1500/- രൂപയും മിനി അങ്കണവാടിക്ക് 750/- രൂപയും ചെലവഴിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 32986 അങ്കണവാടികൾക്കും 129 മിനി അങ്കണവാടികൾക്കും 2019-20 സാമ്പത്തിക വർഷം മെഡിസിൻ കിറ്റ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽനിന്നും വാങ്ങുന്നതിനായി ആകെ 4,95,75,750/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം 18.03.2020 തീയതിയിലെ ICDSA1/20932/19 നമ്പർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.
4. **അങ്കണവാടി പ്രവർത്തകർക്കുള്ള യൂണിഫോം വിതരണം**: അങ്കണവാടി പ്രവർത്തകർക്ക് 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലെ ഓരോ സെറ്റ് യൂണിഫോം ഓവർക്കോട്ടായി നൽകുന്നതിന് തീരുമാനിക്കുകയും അപ്രകാരം സംസ്ഥാനത്തെ 33115 അങ്കണവാടി പ്രവർത്തകർക്കും, 32986 അങ്കണവാടി ഹെൽപ്പർക്കും രണ്ട് സെറ്റ് യൂണിഫോം കേരള ടെക്സ്റ്റയിൽസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി 15.02.2020 തീയതിയിലെ സ.ഉ.(സാ.ധാ)നം.83/2020/സാ.നീ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി ലഭിക്കുകയും ഓവർകോട്ടിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ആവശ്യത്തിലേക്ക് ആകെ 5,28,80,800/- രൂപ വിനിയോഗിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

5. **മോണിട്ടറിംഗ് & ഇവാലുവേഷൻ ഫണ്ട്:** അങ്കണവാടി സർവീസസ് (ജനറൽ) പദ്ധതിയിൽ മോണിട്ടറിംഗ് & ഇവാലുവേഷൻ ഘടകത്തിൽ ഒരു അങ്കണവാടിക്ക് 1500/- രൂപ വരെ വിനിയോഗിക്കാമെന്നും അപ്രകാരം ആകെ 33115 അങ്കണവാടികൾക്ക് ആകെ 496.73 ലക്ഷം രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അങ്കണവാടികളിലേക്കുള്ള സ്റ്റോക്ക് രജിസ്റ്റർ അച്ചടിക്കുക, അങ്കണവാടികളിൽ ഫുഡ് സേഫ്റ്റി സംബന്ധിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള ഫീസ് ഒടുക്കുന്നതിനും അനുബന്ധ ചിലവിനും, അങ്കണവാടികളിലെ വെയിംഗ് സ്കെയിലുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന്, അങ്കണവാടികളിലെ അടുക്കള ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന്, അങ്കണവാടികളിലെ കമ്പ്യൂട്ടർ മറ്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന്, അങ്കണവാടികളിലെ ഇലക്ട്രിക് ഫാൻ, ലൈറ്റ് എന്നിവ അറ്റകുറ്റപ്പണി ചെയ്യുന്നതിന്, പ്ലംബിംഗ് അറ്റകുറ്റപ്പണി, പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

2019-20 സാമ്പത്തിക വർഷം 5 ഗഡുക്കളായി 18031.03 ലക്ഷം രൂപ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്.

**അനുപൂരക പോഷകാഹാര പദ്ധതി**

സംസ്ഥാനത്തെ അങ്കണവാടികളിലൂടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾ, 3 വയസ്സുമുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതിയിലൂടെ പോഷകാഹാരം നൽകി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവഹണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന 50% കേന്ദ്ര വിഹിതം വനിതാ ശിശു വികസന വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി വരുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള കലോറി, പ്രോട്ടീൻ എന്നിവ ഉറപ്പാക്കിയാണ് പോഷകാഹാരം നൽകി വരുന്നത്. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പോഷക മൂല്യം, തുക എന്നിവ ചുവടെ ചേർക്കുന്നു

| *Sl. No.* | *Category* | *Revised feeding & nutritional norms (per beneficiary per day* | | *Revised cost norms (per beneficiary per day)* |
|---|---|---|---|---|
| | | *Calories (K Cal)* | *Protein (g)* | |
| 1. | Children (6-72 months) | 500 | 12-15 | Rs.8.00 (50:50) |
| 2. | Severely malnourished children (6-72 months) | 800 | 20-25 | Rs.12.00 (50:50) |
| 3. | Pregnant women and Nursing mothers | 600 | 18-20 | Rs.9.50 (50:50) |

സംസ്ഥാനത്തു 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് എന്ന പോഷക മിശ്രിതം ടേക്ക് ഹോം റേഷനായും, 3 വയസ്സ് മുതൽ6 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം ജനറൽ ഫീഡിങ്ങ് എന്നിവയും, P&L വിഭാഗത്തിന് നുറുക്ക് ഗോതമ്പ്, എണ്ണ, കടല പയർ, എന്നിവ ടേക്ക് ഹോം റേഷനായി നൽകി വരുന്നു. പ്രാദേശിക താല്പര്യങ്ങളുടെയും ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തിന് കീഴിലെ അങ്കണവാടിയിലും നൽകി വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ വ്യത്യസ്തപ്പെട്ടിരിക്കുന്നു.

കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന തുക ജനറൽ 2019-20 ൽ (2235-02-102-39), എസ്. സി (2235-02-789-93), എസ്.ടി (2235-02-796-93 എന്നീ ശീർഷകങ്ങളിലൂടെ ചിലവഴിച്ചു വരുന്നു, 2019-20 സാമ്പത്തിക വർഷങ്ങളിൽ അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭ്യമായ കേന്ദ്ര വിഹിതം | സംസ്ഥാന ബജറ്റ് പ്രൊവിഷൻ | ചിലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|---|
| 2019-2020 | 140,85,21,000 | 142,30,00,000 | 122,90,66,785. | |

**സൈക്കോ സോഷ്യൽ കൗൺസിലിങ് പദ്ധതി**

സ്കൂളുകളിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും മറ്റു വിദ്യാർത്ഥികൾക്കും കൗൺസിലിങ്ങും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് നിശ്ചിത യോഗ്യതയുള്ള സ്കൂൾ കൗൺസിലർമാരെ 1012 സ്കൂളുകളിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായി. 2019-20 സാമ്പത്തിക വർഷം 289 ഒഴിവുകളിൽ നിയമനം നടത്തി. നിലവിൽ 955 സ്കൂൾ കൗൺസിലർമാരെ വിവിധ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. സ്കൂൾ തല പ്രവർത്തനങ്ങൾ കൂടാതെ വേനലവധിക്കാലത്തു അങ്കണവാടികളിൽ ബോധവത്കരണ ക്ലാസ്സുകളും ഇവർ നൽകി വരുന്നു. 2019 പ്രളയ സമയത്ത് ഇവരുടെ സേവനം പൊതു സമൂഹത്തിനും നൽകാൻ സാധിച്ചു.

ഇവർക്ക് പ്രതിമാസ വേതനം നൽകുന്നതിനും വേനലവധിക്കാലത്തു അങ്കണവാടികളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനുള്ള യാത്രാബത്ത നൽകുന്നതിനുമായി 1863.227 ലക്ഷം രൂപ ചിലവഴിച്ചു.

**പ്രഥമ സഹസ്ര ദിനങ്ങൾ**

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്രവളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. ഗർഭകാലത്ത് അമ്മയ്ക്ക് ലഭിക്കുന്ന പോഷണം ഗർഭസ്ഥശിശുവിന്റെ ശരീരവികസനം, തലച്ചോറിന്റെ വികാസം എന്നിങ്ങനെ സമസ്ഥ മേഖലകളിലും സ്വധീനം ചെലുത്തുന്നു. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും

കാരണമാകുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുത്ത്, അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിലാണ് 2013 ൽ First 1000 days programme എന്ന പദ്ധതി ആരംഭിച്ചത്.

2019-20 സാമ്പത്തിക വർഷം 2235-02-102-50 (P) എന്ന ശീർഷകത്തിൽ 3,30,00,000/- രൂപ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടായിരുന്നു. ആയതിനാൽ 18,00,000/- രൂപ മെഡിക്കൽ ക്യാമ്പിനും 1,17,17,976/- രൂപ തെറാപ്യൂട്ടിക് ഫുഡ് വിതരണത്തിനും ചെവഴിച്ചു.

**ന്യൂട്രിമിക്സ് ഫോർട്ടിഫിക്കേഷൻ**

അങ്കണവാടികളിലൂടെ 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നൽകി വരുന്ന അമൃതം ന്യൂട്രിമിക്സ്, 2019 മെയ് മാസം മുതൽ 11 മൈക്രോന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്തു വിതരണം ചെയ്യുന്നു. കുടുംബശ്രീ നിർമിക്കുന്ന ഈ മിശ്രിതം ഫോർട്ടിഫൈ ചെയ്യുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 2235-02-102-50 എന്ന ശീർഷകത്തിൽ നിന്നും 53,54,775/- രൂപ കുടുംബശ്രീ മിഷൻ അനുവദിച്ചിട്ടുണ്ട്.

**റൈസ് ഫോർട്ടിഫിക്കേഷൻ**

അങ്കണ വാടികളിലെ കുട്ടികൾക്ക് അനുപൂരക പോഷകാഹാര പദ്ധതിയിൽ ഫോർട്ടിഫൈഡ് ഭക്ഷണ പദാർത്ഥങ്ങൾ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഉച്ച ഭക്ഷണത്തിനായി ഉപയോഗിക്കുന്ന അരി (കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് സപ്ലൈകോ ഡിപ്പോയിൽ എത്തുന്നത്) WFP യുടെ സഹകരണത്തോടെ ഫോർട്ടിഫൈ ചെയ്യുന്നതിന് 2019-20 സാമ്പത്തിക വർഷം അനുമതി ലഭിക്കുകയും ഇതിലേക്കായി 2235-02-102-50 എന്ന ശീർഷകത്തിൽ നിന്നും 2019-20 സാമ്പത്തികവർഷത്തിൽ 1,43,190/- രൂപ കണ്ണൂർ പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ചു

**സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG)**

11-14 വയസ്സുവരെയുള്ള സ്ക്കൂൾ വിദ്യാഭ്യാസം ചെയ്യാത്ത പെൺകുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ് സാഗ്. അങ്കണവാടിതലത്തിൽ രൂപീകരിച്ചിട്ടുള്ള കുമാരി ക്ലബ്ബ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അനുപൂരക പോഷകാഹാരത്തിനു പുറമെ ആരോഗ്യ പോഷണ വിദ്യാഭ്യാസം, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവയും ഗുണഭോക്താക്കൾക്ക് നൽകുന്നു. പെൺകുട്ടികളെ ഔപചാരിക വിദ്യാഭ്യാസം തുടരുന്നതിന് പ്രോത്സാഹിപ്പിക്കുകയും അത് സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസം നൽക്കുകയും ചെയ്യുന്നു.

സാഗ് പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം കേന്ദ്രഗവൺമെന്റ് 1,08,000/- രൂപ അനുവദിക്കുകയുണ്ടായി. സംസ്ഥാന സർക്കാർ 2235-02-102-40 (പി)

ശീർഷകത്തിൽ 2,00,00,000/- രൂപയും വകയിരുത്തിയിട്ടുണ്ടായിരുന്നു. ആയതിൽ 2,32,529/- രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20 ൽ ചെലവഴിച്ചിട്ടുണ്ട്.

**നാഷണൽ ക്രഷ് സ്കീം (60%CSS)**

നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 571 ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 1/01/2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ക്രഷുകൾക്ക് കേന്ദ്ര സർക്കാർ - 60%, സംസ്ഥാന സർക്കാർ - 30%, NGOs – 10% എന്ന അനുപാതത്തിൽ ഗ്രാന്റ് നൽകിവരുന്നു. കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള 220 ക്രഷുകൾക്കും സന്നദ്ധ സംഘടനകൾ നടത്തുന്ന 259 ക്രഷുകൾക്കുമാണ് നിലവിൽ ഗ്രാന്റ് അനുവദിച്ചുവരുന്നത്.

പ്രസ്തുത ക്രഷ് സെന്ററുകളിലൂടെ 6 മാസം മുതൽ 6 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രിഷൻ, ഉറങ്ങുന്നതിനുള്ള സൗകര്യം, ഗ്രോത്ത് മോണിറ്ററിങ്, ഹെൽത്ത് ചെക്കപ്പ്, മെഡിസിൻ & ഫസ്റ്റ് എയ്ഡ്, കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള കളിക്കോപ്പുകൾ, പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് എന്നീ സൗകര്യങ്ങൾ നൽകുക എന്നതാണ് ലക്ഷ്യം.

ടി സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ക്രഷുകളിലെ ജീവനക്കാർക്ക് 1-08-2017 മുതൽ 31-03-2019 വരെയുള്ള 20 മാസത്തെ ഓണറേറിയം നൽകുന്നതിനായി 2,10,47,850/-രൂപ ബന്ധപ്പെട്ട NGOകൾക്കും 1,78,20,000/-രൂപ ശിശു ക്ഷേമ സമിതിയ്ക്കും ചേർത്ത് ആകെ 3,88,67,850/-രൂപ സ.ഉ.(സാധാ)നം.214/19/സാ.നീ.വ. തീയതി : 12-04-2019 അനുസരിച്ച് 16/04/2019 തീയതിയിലെ 11332/18(1), 11332/18(2), 11332/18(3) എന്നീ നമ്പർ നടപടിക്രമങ്ങൾ പ്രകാരം 2235-02-103-68-03 ശീർഷകത്തിൽ നിന്നും 2019-20 സമ്പത്തിക വർഷം അനുവദിച്ചുനൽകിയിട്ടുണ്ട്.

**മൊബൈൽ ക്രഷ്**

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷം എറണാകുളം ജില്ലയിൽ ആരംഭിച്ചതാണ് മൊബൈൽ ക്രഷ് പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ കൂടി പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി വരികയും ചെയ്യുന്നു. ജീവനക്കാരുടെ ഹോണറേറിയം, കുട്ടികൾക്കായുള്ള പോഷകാഹാരവിതരണം, വാഹന സൗകര്യം, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് കണ്ടിജൻസി എന്നിവയ്ക്കാണ് ഫണ്ട് അനുവദിക്കുന്നത്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2235-02-102-42 ശീർഷകത്തിൽ നിന്നും 2019-20 സമ്പത്തിക വർഷം 45.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ജാതക് ജനനി പദ്ധതി**

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ന്യൂനപോഷണം മൂലമുണ്ടാകുന്ന ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി വനിതശിശു വികസന വകുപ്പ്, യൂണിസെഫ്, റിഥി ഫൗണ്ടേഷൻ, NI RD എന്നിവയുടെ സംയുക്ത സഹകരണത്തോടെ

2013-ൽ പദ്ധതി ആരംഭിക്കുകയും തുടർന്ന് മാനന്തവാടി, ഇരിട്ടി, ദേവികുളം ബ്ലോക്കുകളിൽ പദ്ധതി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. Information Communication Technology ഉപയോഗപ്പെടുത്തി web enabled Geographic Information സംവിധാനത്തിന്റെ സഹായത്തോടെ മൊബൈൽ ടെലിഫോൺ ഉപയോഗിച്ച് ആരോഗ്യം, സേവനം എന്നിവ തൽസമയ നിരീക്ഷണത്തിന് വിധേയമാക്കി ആവശ്യമായ ഇടപെടൽ നടത്തുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്.

ജാതക്, ജനനി എന്നീ രണ്ട് സോഫ്റ്റ് വെയറുകളാണ് ടി പദ്ധതിയുടെ ഭാഗമായുള്ളത്. ജനനം മുതൽ 5 വയസ്സ് പൂർത്തിയാകുന്നത് വരെ ഓരോ കുഞ്ഞിന്റെയും പോഷകാഹാരനില, പ്രായത്തിനും ഉയരത്തിനും അനുസരിച്ചുള്ള തൂക്കം, എന്നീ സൂചകങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുകയും വളർച്ചക്കുറവ്, ന്യൂനപോഷണം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിര ഇടപെടലുകൾ നടത്തുകയാണ് **'ജാതക്'** സംവിധാനത്തിലൂടെ നിർവ്വഹിക്കുന്നത്. ഗർഭകാല സമയത്ത് ഉണ്ടാകുന്ന ഗുരുതര പ്രശ്നങ്ങൾ ഒഴിവാക്കുന്നതിലെയ്ക്ക് ഗർഭധാരണം മുതൽ പ്രസവാനന്തരം വരെ ഓരോ ഗർഭിണികളായ സ്ത്രീകളെയും ആരോഗ്യ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യനില വിലയിരുത്തി ആരോഗ്യമുള്ള കുഞ്ഞിനു ജന്മം നൽകുന്നതിനും സുരക്ഷിതമായ പ്രസവത്തിനും പ്രസവാനന്തരമുള്ള 6 ആഴ്ച കാലത്തെ ആരോഗ്യ സേവനങ്ങൾ കുഞ്ഞിനു നൽകേണ്ട രോഗ പ്രതിരോധ കുത്തിവെയ്പുകൾ സംബന്ധിച്ചും നിരീക്ഷണം നടത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്ന സംവിധാനമാണ് **'ജനനി'**. ആദിവാസി ജന വിഭാഗങ്ങൾക്കിടയിൽ ഉണ്ടാകുന്ന ഗുരുതര പോഷക കുറവ് നിയന്ത്രണ വിധേയമാക്കുന്നതിന് ജാതക് ജനനി പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2235-02-103-73 ശീർഷകത്തിൽ നിന്നും 2019-20 വർഷം റിഥി ഫൗണ്ടേഷന് 18.82 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

**ബേഠി ബച്ചാവോ ബേഠി പഠാവോ**

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞ് വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് ക്യാമ്പയിനായി ഉയർത്തി കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**നാഷണൽ ന്യൂട്രീഷൻ മിഷൻ**

ഒരു ജീവിതചക്രസമീപനത്തിലൂടെ തൽസമയ വളർച്ചാനിരീക്ഷണവും യഥാസമയത്തുള്ള ഇടപെടലുകളും വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സിനു താഴെയുള്ള കുട്ടികൾ എന്നിവരിലെ ന്യൂനപോഷണം തടയുന്നതിനുള്ള പദ്ധതിയാണ് നാഷണൽ ന്യൂട്രീഷൻ മിഷൻ. ഇതൊരു 80% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

**2019-20 ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.**

- **സ്മാർട്ട് ഫോണുകളുടെ വിതരണം:—** സ്മാർട്ട് ഫോണുകളുടെ സംഭരണവും വിതരണവും പദ്ധതിയുടെ ഭാഗമാണ്. ഡാറ്റാ ശേഖരണത്തിനായി എല്ലാ അങ്കണവാടി വർക്കർമാർക്കും സൂപ്പർവൈസർമാർക്കും സ്മാർട്ട് ഫോണുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ 36435 സ്മാർട്ട് ഫോണുകൾ വാങ്ങുകയും ICDS-CAS സോഫ്റ്റ്‌വെയർ പ്രീലോഡ് ചെയ്യുകയും ഡാറ്റാ തത്സമയം അപ്‌ലോഡ് ചെയ്യുന്നതിനായി സിം കാർഡുകളും ഡാറ്റാ കണക്റ്റിവിറ്റി പ്ലാനും ലഭ്യമാക്കുകയും ചെയ്തു.
- **പരിശീലന പരിപാടികൾ:—** പദ്ധതിയുടെ ഭാഗഭാക്കായിട്ടുള്ള എല്ലാവർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. വനിതാ ശിശു വികസന മന്ത്രാലയം തെരഞ്ഞെടുക്കുന്ന സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് ഏജൻസികൾ വഴി മുഖ്യ പരിശീലകർക്ക് പരിശീലനം നൽകുകയും മുഖ്യ പരിശീലകർ അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു. ഇത് കൂടാതെ സംസ്ഥാന/ജില്ലാ/ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- **വളർച്ച നിരീക്ഷണ ഉപകരണങ്ങൾ:—** ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാത ശിശുക്കൾ, 6 വയസ്സ് വരെയുള്ള കുട്ടികൾ എന്നിവരുൾപ്പെടെയുള്ള എല്ലാ ഗുണഭോക്താക്കളുടെയും ഉയരത്തിന്റെയും തൂക്കത്തിന്റെയും കൃത്യമായ രേഖകൾ അങ്കണവാടികളിൽ സൂക്ഷിക്കുന്നതിനായി വളർച്ച നിരീക്ഷണ ഉപകരണങ്ങൾ- ഇൻഫെന്റോ മീറ്റർ, സ്റ്റേഡിയോ മീറ്റർ, ഡിജിറ്റൽ വെയിങ് സ്കെയിൽ (ഇൻഫന്റ്), ഡിജിറ്റൽ വെയിങ് സ്കെയിൽ (മദർ & ചൈൽഡ്) - 33115 അങ്കണവാടികളിലും വാങ്ങി വിതരണം ചെയ്തു.
- **ഇൻക്രിമെന്റ് ലേർണിംഗ് അപ്രോച്ചിലൂടെ (ILA) കാര്യക്ഷമത വികസിപ്പിക്കൽ:—** നിർവഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ മാർഗമാണ് ഇൻക്രിമെന്റ് ലേർണിംഗ് അപ്രോച്ചിലൂടെയുള്ള പരിശീലനം. 21 മൊഡ്യൂളുകളായാണ് പരിശീലനം ക്രമീകരിച്ചിട്ടുള്ളത്. 2019-20 ൽ പൂർത്തീകരിച്ച ILA പരിശീലനം ചുവടെ ചേർക്കുന്നു.

| സംസ്ഥാനത്താകെ പൂർത്തീകരിച്ച മോഡ്യൂളുകളുടെ എണ്ണം | ജില്ലകളിലാകെ പൂർത്തീകരിച്ച മോഡ്യൂളുകളുടെ എണ്ണം | ബ്ലോക്കുകളിൽ പൂർത്തീകരിച്ച മോഡ്യൂളുകളുടെ എണ്ണം | ട്രെയിനിങ് നേടിയ ആകെ സൂപ്പർവൈസർമാരുടെ എണ്ണം | സെക്ടറിൽ പൂർത്തീകരിച്ച മോഡ്യൂളുകളുടെ എണ്ണം | ട്രെയിനിങ് നേടിയ ആകെ അങ്കണവാടി വർക്കർമാരുടെ എണ്ണം |
|---|---|---|---|---|---|
| Up to 12 | Up to 9 | Up to 6 | 1327 | Up to 5 | 33115 |

### സാമൂഹ്യാധിഷ്ഠിത പരിപാടികൾ (CBE)

മാതൃ ശിശു പോഷണ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള മാർഗമാണ് സാമൂഹ്യാധിഷ്ഠിത പരിപാടികൾ. ഒരു അങ്കണവാടിക്ക് 500 രൂപ നിരക്കിൽ ഓരോ അങ്കണവാടിയിലും ഓരോ മാസവും രണ്ട് സാമൂഹ്യാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുന്നു. 2019-20-ൽ സംഘടിപ്പിച്ച സാമൂഹ്യാധിഷ്ഠിത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | സാമൂഹ്യാധിഷ്ഠിത പരിപാടികൾ |
|---|---|
| ഏപ്രിൽ 19- ജൂൺ 19 | ഭരണാനുമതി ലഭിക്കാത്തതിനാൽ സാമൂഹ്യാധിഷ്ഠിത പരിപാടികൾ നടത്താൻ കഴിഞ്ഞില്ല |
| ജൂലൈ 19 -സെപ്റ്റംബർ 19 | 8534 x 2 CBE=17068 |
| ഒക്ടോബർ 19- ഡിസംബർ 19 | 33115 X 6 CBE= 198690 |

### ഇൻഫർമേഷൻ, എഡ്യൂക്കേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ

വിവിധ പോഷണ-ആരോഗ്യ സംബന്ധിയായ സർക്കാർ പദ്ധതികൾക്ക് കീഴിൽ ലഭ്യമാകുന്ന ആനുകൂല്യങ്ങൾ കുറിച്ചും അവ എങ്ങനെ ലഭ്യമാകുമെന്നതിനെ കുറിച്ചും പൊതു ജനങ്ങൾക്ക് അവബോധം നൽകുന്നതിന് ഐ.ഇ.സി ലക്ഷ്യമിടുന്നു. പ്രതിവർഷം 266 ലക്ഷം രൂപ ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി പദ്ധതിയുടെ കീഴിൽ അനുവദിക്കുന്നു.

ജൻ ആന്ദോളന്റെ പ്രമേയങ്ങളെ കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനായി 2019-20 വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. ശ്രദ്ധേയമായ ചില സംരംഭങ്ങൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.

പോഷൻ എക്സ്പ്രസ്സ് - പോഷണത്തെ കുറിച്ചുള്ള ഒരു മൊബൈൽ എക്സിബിഷൻ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

നിശ്ചല ദൃശ്യം - ഓണം ഘോഷയാത്രയിൽ ആദ്യത്തെ ദിവസത്തെ പ്രാധാന്യം വിശദീകരിച്ചു കൊണ്ടുള്ള ഫ്ളോട്ട്.

ജനപ്രിയ ഹാസ്യ പരമ്പരകളിൽ സംയോജനം - ജനപ്രിയ ടി.വി ചാനലുകളിലൂടെ ജൻ ആന്ദോളൻ ആശയങ്ങൾ ഉപയോഗപ്രദമാക്കിയുള്ള സംപ്രേക്ഷണം

ചാനൽ ചർച്ചകൾ - ഒരു ജനപ്രിയ കുക്കറി ഷോ സ്പോൺസർ ചെയ്തത് എസ.പി.എം.യു ആയിരുന്നു. വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി പ്രസ്തുത ഷോയിൽ പങ്കെടുക്കുകയും പോഷണ സംബന്ധമായ വിവിധ വിഷയങ്ങൾ പങ്ക് വയ്ക്കുകയും ചെയ്തു.

പോഷണ വാണി - വാട്സ് ആപ്പ് അടിസ്ഥാനമാക്കിയുള്ള ദൈനംദിന വിവര പ്രചാരണ സംവിധാനം സ്ഥാപിക്കുകയും ഐ.ഇ.സി സാമഗ്രികൾ ദിവസേന സമൂഹവുമായി പങ്കിടുകയും ചെയ്തു.

അനിമേഷൻ സീരീസ് - അങ്കണവാടി വർക്കർ പ്രധാന റോളിൽ വരുന്ന അനിമേഷൻ സീരീ ആരംഭിച്ചു. ഓരോ എപ്പിസോഡും സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങ കൈകാര്യം ചെയ്തു.

മാധ്യമങ്ങൾ - ജൻ ആന്ദോളന്റെ ആശയങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കു തിനായി വിവിധ ലേഖനങ്ങൾ മാസികകളിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചു.

പോഷണത്തെ കുറിച്ചുള്ള ദേശീയ സമ്മേളനം - നിലവിലെ ആഗോള പോഷണ സാഹചര്യ വേൾഡ് ഹെൽത്ത് അസ്സെംബ്ളിയുടെ പോഷണ ലക്ഷ്യം കൈവരിക്കുന്നതിൽ നിലവിലെ പുരോഗതി, മുന്നോട്ടുള്ള വെല്ലുവിളികൾ എന്നിവയുടെ അവലോകനത്തിനായി നാഷണ കോൺഫറൻസ് ഓൺ ന്യൂട്രിഷൻ സംഘടിപ്പിച്ചു.

**ജൻ ആന്ദോളൻ**-CPMU നൽകിയ ആശയങ്ങളെ അടിസ്ഥാനമാക്കി വിവി വകുപ്പുകളുമായി സംയോജിച്ച് ജൻ ആന്ദോളൻ പരിപാടികൾ സംഘടിപ്പിച്ചു പോഷണത്തിന്റെ വിവിധ ആശയങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതി കുടുംബശ്രീ ഗ്രൂപ്പുകൾ സജീവ പങ്ക് വഹിച്ചു. റാലികൾ, മേളകൾ, എക്സിബിഷനുകൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു. വിവിധ വിഷയങ്ങളി ഔട്ട്ഡോർ, മാസ്സ്, കമ്മ്യൂണിറ്റി, സോഷ്യൽ മീഡിയ എന്നിവയിലൂടെ വ്യാപകമായ പ്രചാരണ നൽകി.

**മാനവ വിഭവശേഷി** - സംസ്ഥാന തലത്തിൽ എസ്.പി.എം.യു സ്റ്റേറ്റ് ന്യൂട്രിഷൻ റിസോഴ്സ് സെന്ററായി പ്രവർത്തിക്കുന്നു. കൂടാതെ ജില്ലാ ബ്ലോക്ക് തലങ്ങളിലും സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്.

**പ്രോഗ്രാം മാനേജ്മന്റ് യൂണിറ്റുകൾ**

| സ്റ്റേറ്റ് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് | | | ഡിസ്ട്രിക്ട് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് | | | ബ്ലോക്ക് പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റ് | | |
|---|---|---|---|---|---|---|---|---|
| അനുവദിച്ചത് | നിയമനം | ഒഴിവുകൾ | അനുവദിച്ചത് | നിയമനം | ഒഴിവുകൾ | അനുവദിച്ചത് | നിയമനം | ഒഴിവുകൾ |
| 13 | 11 | 2 | 28 | 23 | 5 | 304 | 210 | 94 |

2019-20 വർഷം പദ്ധതി നടത്തിപ്പിനായി 2235-02-102-29 ശീർഷകത്തിൽ നിന്നു 5469.002 ലക്ഷം രൂപ ചെലവഴിച്ചു.

# ശിശു സംരക്ഷണം

**സംയോജിത ശിശു സംരക്ഷണ പദ്ധതി**

കേന്ദ്ര വനിത ശിശുവികസന മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയായ **സംയോജിത ശിശു സംരക്ഷണ പദ്ധതി** 2009-10 കാലഘട്ടത്തിലാണ് ആരംഭിച്ചത്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ 18 വയസ്സിനുതാഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടെയും ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയാണ്. പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി വകുപ്പ് മന്ത്രി ചെയർപേഴ്സണായി ഗവേണിംഗ് ബോഡിയും വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് കമ്മിറ്റികളുടെയും മെമ്പർ സെക്രട്ടറി വകുപ്പ് ഡയറക്ടറാണ്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങൾ, സാറ തുടങ്ങിയവ എസ്.സി.പി.എസ്.ന്റെ വിവിധ ഘടകങ്ങളാണ്.

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വന്നതും ഇപ്പോൾ പുതുതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പ് വഴി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതുമായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. 2009-10 സാമ്പത്തിക വർഷമാണ് പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ രൂപം നൽകിയതെങ്കിലും 2013-14 സാമ്പത്തികവർഷം മുതലാണ് സംസ്ഥാനത്ത് ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി തുടങ്ങിയത്. ബാലനീതി നിയമ പ്രകാരം പ്രവർത്തിക്കുന്ന വിവിധഘടകങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടു കൂടി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് SPSU, SCPS, SARA, DCPU, SJPU തുടങ്ങിയവ പ്രവർത്തനമാരംഭിച്ചു. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി 2011 ഡിസംബർ 16-ാം തീയതി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു. 2013-14 മുതൽ 2017-18 വരെയുള്ള കാലഘട്ടം സംയോജിത ശിശു സംരക്ഷണപദ്ധതിയെ സംബന്ധിച്ചിടത്തോളം മികവുറ്റ തായിരുന്നു. 14 ജില്ലകളിലെയും ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ 2014 ൽ പ്രവർത്തനമാരംഭി ക്കുകയും സാമൂഹ്യ നീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർമാരെ ഡി.സി.പി.ഒ മാരായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ഐ.സി.പി.എസ്. മാർഗ്ഗനിർദ്ദേശ പ്രകാരം മറ്റു ജീവനക്കാരെ കരാർ വ്യവസ്ഥയിലും നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളുടെയും പ്രവർത്തനം കാര്യക്ഷമ മാക്കി. ഈ രണ്ടു സ്ഥാപനങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ഓഫീസ് പ്രവർത്തനങ്ങൾക്കായി ഓരോ അസിസ്റ്റൻഡ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ വീതം നിയോഗിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളിലെയും

ജീവനക്കാർക്ക് ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും കൗൺസിലർ, സൈക്കോളജിസ്റ്റ്, എജ്യൂക്കേറ്റർ, ട്യൂഷൻ ടീച്ചർ തുടങ്ങിയവരെ നിയോഗിക്കുകയും യോഗ, ആർട്സ്, സ്പോർട്സ് തുടങ്ങിയവയ്ക്കുള്ള ട്രെയിനേഴ്സിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് 'കാവൽ' എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളായ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്കായി എല്ലാ വർഷവും 'വർണ്ണച്ചിറകുകൾ' എന്ന പേരിൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ബാലനീതി നിയമത്തിന്റെ പരിധിയിൽ വരുന്ന കുട്ടികൾക്കായി പൊതുജന പങ്കാളിത്തത്തോടെ 'ബാലനിധി' രൂപീകരിച്ചു. കുട്ടികളിൽ സ്വഭാവ-വൈകാരിക-പഠന-മാനസികാരോഗ്യ- സാമൂഹ്യ പ്രശ്നങ്ങൾ ക്ലാസ് റൂം തലത്തിൽ തന്നെ ശാസ്ത്രീയമായി കണ്ടെത്തി വിശദമായ പരിചരണം ഉറപ്പാക്കുകയും കുട്ടികളിൽ ജീവിത നൈപുണി വിദ്യാഭ്യാസം നൽകുകയും ഫലപ്രദമായ രക്ഷകർതൃത്വം ഉറപ്പാക്കുകയും ചെയ്യുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതി, വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് അവാർഡ് നൽകുന്ന **'ഉജ്ജ്വല ബാല്യം'**, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് നൽകി വരുന്ന **'വിജ്ഞാന ദീപ്തി'** എന്ന ധനസഹായപദ്ധതി, വിഷമ സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായുള്ള **'കരുതൽ'** പദ്ധതി, സംസ്ഥാനത്തെ ബാലവേല-ബാലഭിക്ഷാടന വിമുക്തമാക്കുന്നതിനായി **'ശരണബാല്യം'** എന്ന പദ്ധതി തുടങ്ങി അനവധി പദ്ധതികൾ സംയോജിത ശിശു സംരക്ഷണ പദ്ധതി വഴി നടപ്പിലാക്കി വരുന്നു.

### 1. സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS)

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിന് വിധേയരാകാത്തതുമായ കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുന:രധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം 2009-10 കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി. പ്രാരംഭഘട്ടത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിരുന്ന ഈ പദ്ധതി ഇപ്പോൾ വനിതശിശു വികസന വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള എല്ലാ കുട്ടികൾക്കും പദ്ധതിയുടെ ഫലം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് നടപ്പിലാക്കുക എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയതിരിക്കുന്നത്.

2013-14 കാലഘട്ടത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംസ്ഥാനത്ത് നടപ്പലാക്കി തുടങ്ങിയത്.

### 1.1 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- 18 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികളുടേയും സുരക്ഷിതത്വവും അവകാശ സംരക്ഷണവും ഉറപ്പ് വരുത്തി ഭാവിയിൽ നല്ല പൗരന്മാരായി വളരുവാൻ കുട്ടികളെ പ്രാപ്തരാക്കുക.

- കുട്ടികൾക്ക് എതിരെ വർദ്ധിച്ചുവരുന്ന ശാരീരിക-മാനസിക-സാമൂഹിക-ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളുടെ അവകാശങ്ങളിൻ മേലുള്ള മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ഉറച്ച പ്രതിരോധ സംവിധാനം രൂപീകരിക്കുക.

- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ പെട്ടെന്ന് തൊട്ടടുത്തായി എത്തിപ്പെടാൻ കഴിയുന്ന ഉന്നത ഗുണനിലവാരമുള്ള സർക്കാർ സേവനവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

- വിവിധ സർക്കാർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കുട്ടികളുടെ സംരക്ഷണത്തിനായുള്ള മുഴുവൻ നിയമങ്ങളേയും പദ്ധതികളേയും ഒരു കുടക്കീഴിൽ കൂട്ടിയിണക്കി മെച്ചപ്പെട്ട സേവനം ഉറപ്പാക്കുക.

- കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുകയോ സാക്ഷികൾ ആകുകയോ അല്ലെങ്കിൽ മാതാപിതാക്കൾ ജയിലുകളിൽ കഴിയുകയോ, നിയമവുമായി സംഘർഷത്തിലോ സമ്പർക്കത്തിലോ ആയിരിക്കുന്ന മുഴുവൻ കുട്ടികളുടേയും അവകാശ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുക.

- അനാഥരായ കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, ലൈംഗിക തൊഴിലാളികളുടെ മക്കൾ, മാറാരോഗങ്ങളാൽ കഷ്ടപ്പെടുന്ന മാതാപിതാക്കളുടെ കുട്ടികൾ, ശാരീരിക-മാനസിക ഭിന്നശേഷിയുള്ള കുട്ടികൾ തുടങ്ങി സമൂഹത്തിന്റെ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തി നായുള്ള മുഴുവൻ സ്ഥാപനങ്ങളിലും കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുകയും അഡോപ്ഷൻ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ, ആഫ്റ്റർ കെയർ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ കുടുംബാധിഷ്ഠിത പുനരധിവാസവും മികച്ച സേവനങ്ങളും ലഭ്യമാക്കുക.

### 1.2 ഗുണോഭോക്താക്കൾ:

1. ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനു വിധേയമാകാത്തതുമായ 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ

2. ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾ

3. ബാലവേല, ബാലഭിക്ഷാടനം എന്നിവയിൽ ഏർപ്പെടുന്നതും തെരുവിലലയുന്നതുമായ കുട്ടികൾ
4. താമസിക്കാൻ ഇടമില്ലാത്ത കുഞ്ഞുങ്ങൾ
5. ലൈംഗിക ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്ന കുട്ടികൾ
6. മാരകരോഗങ്ങൾ, മാനസിക രോഗം എന്നിവ ബാധിച്ച കുട്ടികൾ
7. കുട്ടിക്കടത്തിൽ അകപ്പെട്ട വിഭാഗം കുട്ടികൾ
8. ലഹരിക്കടിമപ്പെടുന്ന കുട്ടികൾ
9. ബാലവിവാഹത്തിനിരയാകുന്ന കുട്ടികൾ
10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾ
11. CWC, JJB എന്നിവയുടെ പരിഗണനയിലുള്ള കുട്ടികൾ
12. പ്രകൃതി ദുരിന്തങ്ങൾക്കിരയായി കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്ന കുട്ടികൾ

### 1.3 സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ സേവന മേഖലകൾ:

**1. *നിയമം നടപ്പിലാക്കൽ:***

ബാലനീതി നിയമത്തിന്റെയും പോക്സോ നിയമത്തിന്റെയും കുട്ടികളുടെ സംരക്ഷണ വുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളുടെയും നടപ്പിലാക്കൽ. ഇതിനായി CWC, JJB ബാലാവകാശ സംരക്ഷണ കമ്മീഷൻ, എന്നിവയുടെ സേവനം ഉറപ്പുവരുത്തുന്നു.

**2. *സ്ഥാപന സംരക്ഷണം:***

ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനുവിധേയരാകാത്തതുമായ കുട്ടികളെ സംരക്ഷിക്കുന്നതിനായി ചിൽഡ്രൻസ് ഹോമുകൾ, ഒബ്സർവേഷൻ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, പ്ലേയ്സ് ഓഫ് സേഫ്റ്റി എന്നിവ വകുപ്പ് നേരിട്ട് നടത്തുന്നു. ഇതിനുപുറമെ വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന ശിശുസംരക്ഷണ സ്ഥാപന ങ്ങൾക്ക് പദ്ധതി മുഖേന ധനസഹായം നൽകുന്നു.

**3. *സ്ഥാപനേതര സംരക്ഷണ പദ്ധതികൾ:***

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുന:രധിവാസം ഉറപ്പാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു;

(1) <u>ദത്തെടുക്കൽ</u>

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപെടുത്തപ്പെടുത്തുകയും, ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായ

എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉത്തരവാദിത്വങ്ങളും കുഞ്ഞിന് ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ..

(2) <u>സ്പോൺസർഷിപ്പ്</u>

സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായമായി കുട്ടികൾക്ക് പ്രതിമാസം 2000 രൂപ വീതം നൽകുന്ന പദ്ധതി.

(3) <u>ഫോസ്റ്റർ കെയർ</u>

കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ ജീവിക്കാൻ സാധിയ്ക്കാത്ത കുട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഉദ്ദേശ്യം.

**1.4 സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ വിവിധ ഘടകങ്ങൾ:**

1. ***സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (എസ്.സി.പി.എസ്.):—***

ഐ.സി.പി.എസ്.ന്റെ സംസ്ഥാന ഘടകമാണ് എസ്.സി.പി.എസ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് (രജിസ്റ്റർ നം. T2043/11 തീയതി: 16.12.2011). തിരുവനന്തപുരത്ത് പൂജപ്പുരയിൽ പ്രവർത്തിക്കുന്ന എസ്.സി.പി.എസ്.ന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു;

(1) കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമങ്ങൾ നടപ്പിലാക്കൽ

(2) സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് എസ്.സി.പി.എസ്. ആണ്.

(3) കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ, ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി, ദേശീയ-സംസ്ഥാന തല ബാലാവകാശ കമ്മീഷനു കൾ എന്നിവയുടെ സഹകരണം ഉറപ്പാക്കി സംസ്ഥാനത്ത് ശിശുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(4) ഐ.സി.പി.എസ്.ന്റെ വിവിധ ഘടകങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് വിതരണം ചെയ്യുക.

(5) വിവിധ ഘടകങ്ങളുടെ പ്രവർത്തന അവലോകനം നടത്തുക

(6) ശിശുസംരക്ഷണവുമായി ബന്ധപ്പെട്ട നൂതന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കൽ

എസ്.സി.പി.എസ്.ന്റെ ഭരണ നിർവഹണത്തിനായി ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഗവേണിംഗ് ബോഡിയുടെ ചെയർ പേഴ്സൺ വകുപ്പ് മന്ത്രിയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടേത് വകുപ്പ് സെക്രട്ടറിയുമാണ്.

വനിത ശിശുവികസന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറി ആയ എസ്.സി.പി.എസ്-ന്റെ പ്രവർത്തനത്തിനായി ചുവടെ പറയുന്ന തസ്തികകൾ നിലവിലുണ്ട്.

1. പ്രോഗ്രാം മാനേജർ-1, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1,അക്കൗണ്ട്സ് ഓഫീസർ-1, പ്രോഗ്രാം ഓഫീസർ-2, അക്കൗണ്ടന്റ്സ് ഓഫീസർ-1, അക്കൗണ്ടന്റ്-2, അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ-4

<u>എസ്.സി.പി.എസ്.ന്റെ മേൽവിലാസം;</u>

**സംയോജിത ശിശുസംരക്ഷണ പദ്ധതി കാര്യാലയം,**

**വനിത ശിശുവികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം-695 012**

2. ***സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA)***

സംസ്ഥാനത്ത് കുട്ടികളെ ദത്തെടുക്കൽ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും, നിയന്ത്രിയ്ക്കുന്നതിനും വേണ്ടി 2015 ലെ ബാലനീതി നിയമം സെക്ഷൻ 67 പ്രകാരം സ്റ്റേറ്റ് അഡോപക്ഷൻ റിസോഴ്സ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ നിയന്ത്രണത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനേഴ് ദത്തെടുക്കൽ കേന്ദ്രങ്ങൾ പ്രവർത്തിയ്ക്കുന്നു. SARA യിൽ ഒരു പ്രോഗ്രാം മാനേജർ, ഒരു പ്രോഗ്രാം ഓഫീസർ, ഒരു പ്രോഗ്രാം അസിസ്റ്റന്റ്, ഒരു കൗൺസിലർ എന്നിവർ സേവനമനുഷ്ഠിക്കുന്നു.

3. ***ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ (DCPU)***

ഐ.സി.പി.എസ്. പദ്ധതി വിഭാവനം ചെയ്യുന്ന ശിശു സംരക്ഷണ പരിപാടികൾ ജില്ലാ തലത്തിൽ ഏകോപിപ്പിയ്ക്കുന്നതും ഫലപ്രദമായി നടപ്പിലാക്കുന്നതും ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളാണ്. കുട്ടികളുടെ അവകാശ സംരക്ഷണവും സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ജില്ലാ തലത്തിൽ സമീപിയ്ക്കേണ്ടത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളെയാണ്.

ഓരോ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിലും നിലവിലുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു

- ❖ ജില്ലാ ശിശുസംരക്ഷണ ഓഫീസർ (ഡെപ്യൂട്ടേഷൻ)
- ❖ പ്രൊട്ടക്ഷൻ ഓഫീസർ (IC), പ്രൊട്ടക്ഷൻ ഓഫീസർ (NIC), ലീഗൽ കം പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ (M), സോഷ്യൽ വർക്കർ (F), കൗൺസിലർ, അക്കൗണ്ടന്റ് ഡാറ്റ അനലിസ്റ്റ്, അസിസ്റ്റന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ, ഔട്ട് റീച്ച് വർക്കർ (2)

ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

| *Sl. No.* | *Name of District* | *Date when constituted* | *Correspondence address and telephone Number* |
|---|---|---|---|
| 1 | Thiruvananthapuram | 09-11-2012 as per G.O.(MS) No. 68/12/SJD | District Child Protection Office, Ist Floor, Social Justice Complex , Poojappura, Trivandrum<br>Ph: 0471-2345121 |
| 2 | Kollam | -do- | District Child Protection Office, Civil Station 3rd floor, Kollam.<br>Ph: 0474-2791597 |
| 3 | Pathanamthitta | -do- | District Child Protection office, Mini Civil Station 3rd floor, Aranmula, Pathanamthitta<br>Ph: 0468-2319998 |
| 4 | Alappuzha | -do- | District Child Protection Office, Convent Square , Alappuzha<br>Ph: 0477-2241644 |
| 5 | Kottayam | -do- | District Child Protection Unit, KVM Building, Annankunnu Road, Kottayam<br>Ph: 0481-2580548 |
| 6 | Idukki | -do- | District Child Protection Office, Mini Civil Station, Thodupuzha, Idukki<br>Ph: 0486-2200108 |
| 7 | Ernakulam | -do- | District Child Protection Unit, Byelane No1,Nr SP camp office, Siva Temple Road, Thottakattukara, Aluva 683108<br>Ph: 0484-2609177 |
| 8 | Thrissur | -do- | District Child Protection Office, Civil Station, Ayyanthole, Thrissur<br>Ph: 0487-236445 |
| 9 | Palakkad | -do- | District Child Protection Unit, Municipal Complex, Globinson Road, Palakkad |

| | | | |
|---|---|---|---|
| 10 | Malappuram | -do- | District Child Protection Unit, 3rd floor, mini civil Station, Manjeri, Malappuram<br>Ph: 0483-2978888 |
| 11 | Kozhikode | -do- | District Child Protection Unit, Building No:32/356, Iyyapadi Road,<br>Near Civil Station, Kozhilkkode<br>Ph: 0495-2378920 |
| 12 | Wayanad | -do- | District Child Protection Unit, JawaharBalabhavan, Nr. Panchayath Community Hall, Meenamgadi Post, Wayanadu<br>Ph: 04936-246098 |
| 13 | Kannur | -do- | District Child Protection Unit, District Probation Office, Court Compond, Thalassery, Kannur<br>Ph: 0490-2326199 |
| 14 | Kasargod | -do- | District Child Protection Unit,<br>Civil Station, Vidya Nagar, Kasargode<br>Ph: 04994-256990 |

4. ***ചൈൽഡ് കെയർ സ്ഥാപനങ്ങൾ. (CCIs)***

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമത്തിനുവിധേയരാകാത്തതുമായ കുട്ടികളുടെ പുനഃരധിവാസം ഉറപ്പാക്കുന്നതിനായി വകുപ്പിനു കീഴിൽ 27 ചൈൽഡ് കെയർ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. സ്ഥാപനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| *Sl. No.* | *Name of District* | *Correspondence address and telephone Number* |
|---|---|---|
| **Government Children's Homes** | | |
| 1 | THIRUVANANTHAPURAM | GOVT.CHILDREN'S HOME,<br>POOJAPPURA P.O,<br>THIRUVANANTHAPURAM<br>Ph: 0471-2342075 |
| 2 | KOLLAM | GOVT.CHILDREN'S HOME,<br>BEACH ROAD, KOLLAM<br>Ph: 0474-2743821 |
| 3 | PATHANAMTHITTA | NEAR OLD AGE HOME PUTHAMON P.O VAYALATHALA, KOZHENCHERRY (VIA) PATHANMTHITTA<br>Ph: 0473-5246668 |

| | | |
|---|---|---|
| 4 | KOTTAYAM | GOVT.CHILDREN'S HOME,<br>THIRUVANCHOOR, KOTTAYAM<br>Ph: 0481-2770530. |
| 5 | ALAPPUZHA | GOVT.CHILDREN'S HOME FOR GIRLS,<br>MAYITHARA, ALAPPUZHA.<br>Ph: 0479-2385577 |
| 6 | ALAPPUZHA | GOVT.CHILDREN'S HOME (BOYS)<br>NOORANAD, ALAPPUZHA<br>Ph : 0479-2385577 |
| 7 | ERNAKULAM | GOVT.CHILDREN'S HOME(GIRLS),<br>KAKANADU P.O, ERNAKULAM<br>Ph: 0484-2428553 |
| 8 | THRISSUR | GOVT.CHILDREN'S HOME FOR BOYS<br>RAMAVARMAPURAM, THRISSUR<br>Ph:- 0487-2337794 |
| 9 | PALAKKAD | GOVT.CHILDREN'S HOME FOR BOYS<br>MUTTIKULENGARA P.O, PALAKKAD<br>PIN-678594 |
| 10 | KOZHIKODE | GOVT.CHILDREN'S HOME (GIRLS),<br>VELLIMADUKUNNU, KOZHIKODE<br>Ph : 0495-2731118 |
| 11 | KOZHIKODE | GOVT.CHILDREN'S HOME (BOYS)<br>VELLIMADUKUNNU, KOZHIKODE<br>Ph: 0495-2731118 |
| 12 | MALAPPURAM | GOVT.CHILDREN'S HOME (BOYS)<br>TRIKKANAPURAM, TAVANUR<br>04942698822 |
| 13 | KANNUR | GOVT.CHILDREN'S HOME (BOYS)<br>CHERAKKARA P O, NETAJI ROAD,<br>ERANHOLI BRIDGE, THALASSERY<br>KANNUR-670104<br>Ph : 0490-2343121 |
| 14 | KANNUR | GOVT.CHILDREN'S HOME (GIRLS),<br>ERANHOLI, CHIRAKKARA P.O,<br>THALASSERY<br>Ph : 0490 2321605 |
| 15 | WAYANAD | GOVT.CHILDREN'S HOME (BOYS)<br>KANIYAMBETTA. P.O., WAYANAD,<br>PIN CODE 673122, KERALA<br>Ph:04936-286900 |
| 16 | KASARGOD | GOVT.CHILDRENS HOME(BOYS),<br>PARAVANADUKKAM, KASARGOD<br>Ph : (0499) 423-8490 |
| **Government Observation Homes** | | |
| 17 | THIRUVANANTHAPURAM | GOVT.OBSERVATION HOME,<br>POOJAPPURA P.O,<br>THIRUVANANTHAPURAM<br>Ph:- 0471- 2340353 |

| | | |
|---|---|---|
| 18 | KOLLAM | GOVT.OBSERVATION HOME,<br>BEACH ROAD, KOLLAM<br>Ph:- 0474-2743821 |
| 19 | KOTTAYAM | GOVT.OBSERVATION HOME,<br>THIRUVANCHOOR P.O, KOTTAYAM<br>Ph:-0481-2770530 |
| 20 | ALAPPUZHA | GOVT.OBSERVATION HOME,<br>MAYITHARA P.O,<br>ALAPPUZHA<br>Ph:- 0478-2812366 |
| 21 | ERNAKULAM | GOVT.OBSERVATION HOME,<br>KAKANADU PO, ERNAKULAM<br>Ph:- 0484-2428554 |
| 22 | THRISSUR | GOVT.OBSERVATION HOME,<br>RAMAVARMAPURAM,<br>THRISSUR<br>Ph:- 0487-2337794 |
| 23 | KOZHIKODE | GOVT.OBSERVATION HOME (GIRLS)<br>VELLIMADUKUNNU<br>KOZHIKODE<br>Ph:- 0495-2731118 |
| 24 | KOZHIKODE | GOVT.OBSERVATION HOME(BOYS),<br>VELLIMADUKUNNU<br>KOZHIKODE<br>Ph:- 0495-2731118 |
| **Government Special Homes** | | |
| 25 | THIRUVANANTHAPURAM | GOVT SPECIAL HOME (BOYS)<br>POOJAPURA, THIRUVANANTHAPURAM<br>Ph : 0471-2342075 |
| 26 | KOZHIKKODE | GOVT SPECIAL HOME (BOYS)<br>VELLIMAADUKUNNU<br>KOZHIKKODE<br>Ph : 0495-2731118 |
| **PLACE OF SAFETY** | | |
| 27 | THRISSUR | GOVT PLACE OF SAFETY<br>RAMAVARMAPURAM<br>THRISSUR<br>Ph : 04872321676 |

- **സന്നദ്ധ സംഘടനകൾ നടത്തുന്ന ചൈൽഡ് കെയർ സ്ഥാപനം;**

കയ്ലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അഞ്ജനം ചിൽഡ്രൻസ് ഹോമിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള 25 പെൺകുട്ടികളെ

പുനഃരധിവസിപ്പിച്ചു വരുന്നു. പ്രസ്തുത സ്ഥാപനത്തിന് ഐ.സി.പി.എസ്.ൽ നിന്നും ധന സഹായം നൽകി വരുന്നു.

| **NGO Run Children's Homes** | |
|---|---|
| 1 | Quilon Social Service Society, Kollam |

- **സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ കമ്മിറ്റി (SAA)**

സംസ്ഥാനത്ത് നിലവിൽ 17 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. 6 വയസ്സിനു താഴെ പ്രായമുള്ളതും, ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും, ദത്തെടുക്കലിനു വിധേയരാവേണ്ടതുമായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളാണ് SAA.

ഇവയുടെ മേൽ വിലാസം ചുവടെ ചേർക്കുന്നു;

| *Sl. No.* | *Name and address of SAA* |
|---|---|
| 1 | Valsalyam Sisu Bhavan, Kalamassery, Eranakulam |
| 2 | Holy Infant Mary's Girls Home, Vythiri, Wayanad |
| 3 | Holy Angels Foundling Home, Pullazhi, Thrissur |
| 4 | Sreyas Foundling Home, Mylacombu PO, Thodupuzha Idukki |
| 5 | Sishuparipalana Kendram, Kacheri, Kollam<br>Under Kerala State Council |
| 6 | Snehajyothi Sisu Bhavan & Adoption Agency, Pulluvazhi, Perumbavoor, Eranakulam |
| 7 | SnehaNikethan Foundling Home, Pattuvam, Deenasevanasabhan, Kannur<br>(Ph. No.04602-220985) |
| 8 | Anandha Bhavan, Foundling Home, Malampuzha, Palakkad |
| 9 | Sisu Bhavan, Sisters Of Nazreth, Paduvapuram, Eranakulam |
| 10 | St. Joseph Foundling Home, Port Road, Kozhikode |
| 11 | Kerala State Child Welfare Council, Thycaud, Tvpm |
| 12 | Sisukhema Bhavan, Parathode, Kottayam. |
| 13 | Sainikethan foundling Home, Mangatt Lane, Pongunnam, Thrissur |
| 14 | Queen Mary Foundling Home, Themalipadam, Thaikattuserry PO, Thrissur 680322<br>PH:- 0487-6444085 |

| | |
|---|---|
| 15 | Saviour's foundling Home, Neman College Road, Thodupuzha PO., Idukki-685585, Ph:- 04862226451 |
| 16 | Infant Jesus Sisubhavan, Rajamattom, Umpidi PO, Thottackad, Kottayam 686539 Ph:-04812486918 |
| 17 | Shishuparipalana Kendram, Kaalam padi, Malappuram Under Kerala State Council |

- **തുറന്ന അഭയ ഭവനങ്ങൾ (OPEN SHELTERS)**

തെരുവു കുട്ടികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനായുള്ള 4 തുറന്ന അഭയ ഭവനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.

- ❖ ഡോൺ ബോസ്കോ സൊസൈറ്റി, തിരുവനന്തപുരം
- ❖ ഫ്രീ ബേർഡ്സ്, കോഴിക്കോട് (ബോയ്സ്)
- ❖ ഡ്രീംസ് കണ്ണൂർ
- ❖ ഫ്രീ ബേർഡ്സ്, കോഴിക്കോട് (ഗേൾസ്)

5. ***സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)***

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലും എസ്.ജെ.പി.യു. രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു സിവിൽ പോലീസ് ഓഫീസറെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിച്ചിട്ടുമുണ്ട്. ജില്ലകളിൽ എസ്.ജെ.പി.യു.ന്റെ നേതൃത്വം വഹിക്കുന്നത് Deputy Superintendent of Police (DCRB) ആണ്.

6. ***ജുവനൈൽ ജസ്റ്റീസ് ബോർഡ് (JJB)***

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനത്തെ 14 ജില്ലകളിലും ജുവനൈൽ ജസ്റ്റീസ് ബോർഡുകൾ പ്രവർത്തിയ്ക്കുന്നുണ്ട് (ജെ.ജെ ആക്ട് വകുപ്പ് 4).ഓരോ ജുവനൈൽ ജസ്റ്റീസ് ബോർഡിലും ഒരു പ്രിൻസിപ്പൽ മജിസ്ട്രേറ്റും (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റും) രണ്ട് സോഷ്യൽ വർക്കർ മെമ്പർമാരുമാണ് ഉള്ളത്.

7. ***ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC)***

ജെ.ജെ.ആക്ട് നിഷ്കർഷിക്കുന്നത് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച് പരിശോധന നടത്തി തീരുമാനം എടുക്കുന്നത് ഈ കമ്മിറ്റിയാണ്. ഒരു ചെയർമാനും 4 മെമ്പർമാരും ഉൾപ്പെടുന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ.

8. ***ഐ.സി.പി.എസ്. മുഖേന സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കുന്ന നൂതന പദ്ധതി:***

- **ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.):**

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ- വൈകാരിക-പഠന-മാനസികാരോഗ്യ-സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അധ്യാപകരുടേയും രക്ഷിതാക്കളുടേയും പൊതു സമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനും കുട്ടികളിലെ ജീവിത നൈപുണികൾ (SMART-40 Life Skills) ശക്തിപ്പെടുത്തുന്നതിനു മുള്ള നൂതന പദ്ധതിയാണ് ഓ.ആർ.സി. സാമൂഹ്യ സുരക്ഷ മിഷന്റെ ഭാഗമായി പ്രവർത്തിച്ചുവന്നിരുന്ന ടി പദ്ധതി 201415 സാമ്പത്തിക വർഷം ഐ.സി.പി.എസ്.ന്റെ ഭാഗ മാക്കി മാറ്റി.ശ്രീ. പി.വിജയൻ ഐ.പി.എസ്. നോഡൽ ഓഫീസറായി പ്രവർത്തിക്കുന്ന ഓ.ആർ.സി.യുടെ സംസ്ഥാന തല ഓഫീസിൽ റിസോഴ്സ് കൺസൾട്ടന്റ്, പ്രോഗ്രാം ഓഫീസർ, അക്കൗണ്ടന്റ്, പ്രോജക്ട് അസിസ്റ്റന്റ്, അസിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ നിലവിലുണ്ട്. ഇതിനുപുറമെ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ പ്രോജക്ട് അസിസ്റ്റന്റ്മാരെ നിയമിച്ചിട്ടുണ്ട്.

**2019-20 വർഷങ്ങളിലെ പരിപാടികളും പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ**

- സംസ്ഥാനത്തെ ഗവ. ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ കലാവാസന കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി എല്ലാ വർഷവും നടത്തി വരുന്നു. ഈ വർഷം 2019 ഫിബ്രവരി 1,2,3 തിയ്യതികളിൽ "വർണ്ണചിറകുകൾ 2019" എന്ന പേരിൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിക്കുകയുണ്ടായി.
    - ✓ ടി ഫെസ്റ്റ് നടത്തിപ്പിനായി 24,57,598/-രൂപ ചിലവഴിച്ചു.
- ജെ ജെ സുപ്രണ്ടുമാർക്കും, കെയർ ടേക്കർമാർക്കും, കെയർ പ്രൊവൈഡർമാർക്കും "കുട്ടികളെ കൈകാര്യം ചെയ്യേണ്ട രീതി, ബിഹേവിയർ മോഡിഫിക്കേഷൻ "എന്നീ വിഷയത്തെക്കുറിച്ച് മൂന്ന് ബാച്ചിനായി ഒമ്പത് ദിവസത്തെ ട്രെയിനിംഗ് സംഘടിപ്പിച്ചു.
    - ✓ ടി ട്രെയിനിംഗിനായി 5,98,978 /-രൂപ ചിലവഴിച്ചു.
- സംസ്ഥാനത്തെ ഗവ:ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്കായി "ക്രിക്കറ്റ് ടൂർണമെൻറ്'' ജനുവരി 2019 തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വെച്ച് നടത്തി .
    - ✓ ടി പ്രോഗ്രാമിനായി 2,28,381/- രൂപ ചിലവഴിച്ചു.
- CWC, JJB എന്നിവയിൽ പുതുതായി പ്രവേശിച്ച മെമ്പർമാർക്ക് മാർച്ച് 2019 ൽ IMG യിൽ വെച്ച് ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

<u>പദ്ധതികൾ</u>

- **"കരുതൽ സ്പർശം''**— കുട്ടികൾക്കെതിരെയുള്ള അതിക്രമം തടയുവാൻ ഉത്തരവാദിത്വ പൂർണമായ രക്ഷാകർതൃത്വത്തിന്റെ ആവശ്യകത സംബന്ധിച്ച് 2019 ജൂൺ 1 ഗ്ലോബൽ പാരന്റിംഗ് ഡേ മുതൽ 2019 നവംബർ 14 ചിൽഡ്രൻസ് ഡേ നീണ്ടു നിൽക്കുന്ന

സംസ്ഥാനതല കാമ്പയിൻ, വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാനതല ഉത്ഘാടനം ബഹു:വകുപ്പ് മന്ത്രി ശ്രീമതി ശൈലജ ടീച്ചർ നിർവഹിച്ചു.

- **കാവൽ:**– നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകുന്നതിനായി ബാംഗ്ലൂർ NIMHANS-ന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതി. ജില്ലകളിൽ തെരെഞ്ഞെടുക്കപ്പെട്ട NGO മാർ മുഖാന്തിരം നടപ്പിലാക്കി വരുന്നു.
    - ✓ ടി പദ്ധതിയിൽ 1470 കുട്ടികൾ ഉൾപ്പെടുന്നു.
    - ✓ ടി പദ്ധതി പ്രകാരം 1270 കുട്ടികളെ പുനരധിവസിപ്പിച്ചു.
    - ✓ ടി പദ്ധതിയുടെ മൂന്നാം ഘട്ട പരിപടിക്കൾക്കായി 76,17,572/- രൂപ അനുവദിച്ചു
- **ശരണബാല്യം പദ്ധതി:**– ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ NOV 2018 മുതൽ സംസ്ഥാനമൊട്ടാകെ വ്യാപിച്ചു.
    - ✓ 161 കുട്ടികളെ ഇതുവരെ റസ്ക്യു ചെയ്തു
    - ✓ ടി പദ്ധതിക്കായി 24,94,010/- രൂപ ചിലവഴിച്ചു.
- **ഫോസ്റ്റർ കെയർ** (പോറ്റി വളർത്തൽ)
    - ✓ പല സാഹചര്യങ്ങൾ മാതാപിതാക്കൾക്ക് കൂടെ നിർത്തി സംരക്ഷിക്കുവാൻ കഴിയാത്ത കുട്ടികൾ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയേണ്ടി വരുന്നതുമായ കുട്ടികൾ സ്നേഹ പൂർണ്ണമായ കുടുംബാന്തരീക്ഷം നൽകുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ്.
        - **<u>Foster care:</u>**

          2017- 2018 : 193

          2018-2019 : 186

          2019-2020 : 343
        - **Vacation Foster Care** : 235 children
- **ദത്തെടുക്കൽ:**

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപെടുത്തുകയും ഏറ്റെടുക്കുന്ന മാതാപിതാക്കളിൽ നിന്ന് നിയമപരമായ എല്ലാ അവകാശങ്ങളും അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

- ✓ സംസ്ഥാന തലത്തിൽ നിയമാനുസൃത ദത്തെടുക്കൽ നടപടി എകോപ്പിക്കുന്നതും നടപ്പിലാക്കുന്നതും SARA യാണ്.
- ✓ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ നിയന്ത്രണത്തിൽ സന്നദ്ധ സംഘടനകൾ നടത്തുന്ന പതിനേഴു ദത്തെടുക്കൽ സ്ഥാപനങ്ങൾ നിലവിലുണ്ട്
- ✓ In- country adoption 2018-2019 =119
- ✓ Inter-country Adoption 2018-2019 =13

- **ORC പദ്ധതി**:— കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ - വൈകാരിക - പഠന - മാനസികാരോഗ്യ - സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും പൊതു സമൂഹത്തിൻറെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിയ്ക്കുന്നതിനുള്ള പദ്ധതി.
  - ✓ നിലവിൽ 304 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു
  - ✓ 15941 അധ്യാപകർക്കും, 3639 രക്ഷിതാക്കൾക്കും കുട്ടികളുടെ സ്വഭാവ വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതിനു പ്രാപ്തമാക്കി
  - ✓ ഗുരുതരമായ മാനസിക സാമൂഹ്യ പ്രശ്നങ്ങൾ അനുഭ വിക്കുന്ന 1435 കുട്ടികൾക്ക് വിദഗ്ധ പരിചരണം ഉറപ്പാക്കി.
  - ✓ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഈ വർഷം മുതൽ നടപ്പിലാക്കി

- **വിജ്ഞാനദീപ്തി**
  - സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന കുട്ടികൾക്ക് മാസത്തിൽ 2000/- രൂപ വീതം തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകുന്ന സ്പോൺസർഷിപ്പ് പദ്ധതി
    - ✓ 828 കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സ്പോൺസർഷിപ്പ് നൽകി

- **ഉജ്ജ്വല ബാല്യം**
  - ✓ കലാ കായിക ശാസ്ത്ര സംസ്കാരിക, സാമൂഹ്യ സാഹിത്യ രംഗങ്ങളിൽ അസാധാരണ മികവ് കാണിക്കുന്ന കുട്ടികൾക്ക് നൽകുന്ന പുരസ്ക്കാരം .
  - ✓ ഒരു ജില്ലയിൽ നിന്നും ഒരു കുട്ടിക്ക് 25,000/- രൂപയും, പ്രശസ്തി പത്രവും, ട്രോഫിയും നൽകുന്നു.

- **ബാലനിധി:**

  ജെ ജെ ആക്ടിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ വിഷമത അനുഭവിക്കുന്ന കുട്ടികൾക്ക് ധന സഹായം നൽകുന്ന പദ്ധതി

  - ✓ 12 കുട്ടികൾക്ക് ബാലനിധിയിലൂടെ 74,61,64 രൂപ നൽകി

<u>സാമ്പത്തിക വിശകലനം 2019-2020</u>

| *PLAN* | *Allottment* | *Expense* |
|---|---|---|
| 2235-102-61 34 OC- | 25,00,000,00 | 10,94,58,980 |
| 2235-102-36 (01) OC | 5,00,00,000 | 20,266,845 |
| 2235-102-36 (02) OC | 7,00,00,000 | 4,41,71,260 |
| 2235-102-91 (p) | 20,00,000 | 6,83,060 |

## വനിതാ ശാക്തീകരണവും വികസനവും

**നിർഭയ**

വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയസെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ GO(MS)17/2012/SWD dt. 13.3.2012 പ്രകാരം അംഗീകരിച്ച് നടപ്പിലാക്കി വരുന്ന നൂതന നയപരിപാടിയാണ് നിർഭയനയം. ലൈംഗീക പീഢനം, ലൈംഗീകാതിക്രമം, ലൈംഗീക വൃത്തിക്കുവേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങളാണ് നിർഭയപോളിസി മുൻതൂക്കം നൽകുന്നത്. നിർഭയപോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയസെൽ ലക്ഷ്യമിടുന്നത്.

സ്റ്റേറ്റ് നിർഭയസെൽ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

1. **വിമൺ ആന്റ് ചിൽഡ്രൻ ഹോം**

   വനിത ശിശുവികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് 2019-20 വർഷം കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധസംഘടനയുടെ ദൈനംദിന മേൽനോട്ടത്തിൽ കോട്ടയം ജില്ലയിൽ കൂടി വിമൻ ആന്റ് ചിൽഡ്രൻ ഹോം പ്രവർത്തനം ആരംഭിച്ചു.

2. **വൺസ്റ്റോപ്പ് സെന്റർ (OSC)**

   സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ കൌൺസിലിംഗ്, വൈദ്യസഹായം, ചികിത്സ, നിയമസഹായം പോലീസ് സംരക്ഷണം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന വനിതശിശുവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് വൺസ്റ്റോപ്പ്സെന്റർ (ഒ.എസ്.സി.). കേരളത്തിൽ 14 ജില്ലകളിലും ഒ.എസ്.സി. പ്രവർത്തിച്ചുവരുന്നു.

   ലിംഗപദവിയുമായി ബന്ധപ്പെട്ട അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഏതുസമയത്തും അഭയം തേടാവുന്ന സ്ഥാപനമാണിത്. ഒരു വനിത സെന്റർ അഡ്മിനിസ്ട്രേറ്റർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൌൺസിലർ, ഡോക്ടർ, പോലീസ്, വക്കീൽ, വനിത സംരക്ഷണ ഓഫീസർ എന്നിവരുടെ സേവനവും സെന്ററിൽ ലഭ്യമാകുന്നു.

   ജാതിമത വർഗ്ഗ-വർണ്ണ പ്രായഭേദമന്യേ സ്ത്രീകൾ സ്വകാര്യ-പൊതുയിടങ്ങളിൽ നേരിടുന്ന ശാരീരിക മാനസിക-വൈകാരിക-ലൈംഗീക അതിക്രമങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുകയും സേവനങ്ങൾ ഏകീകൃതമായി നൽകുകയും

ശാശ്വത പരിഹാരം കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. സെന്റർ 24 മണിക്കൂറും പ്രവർത്തിക്കുന്നു.

**സേവനങ്ങൾ**

1) പ്രശ്നത്തിൽ അടിയന്തിര ഇടപെടൽ സഹായം.
2) കൌൺസിലിംഗ്
3) വൈദ്യസഹായം
4) എഫ്.ഐ.ആർ, എൻ.സി.ആർ, ഡി.ഐ.ആർ. ഫയൽ ചെയ്യുവാൻ പോലീസ്, വനിത സംരക്ഷണ ഓഫീസർ മുതലയാവരുടെ സേവനം
5) നിയമസഹായം
6) സുരക്ഷിത അഭയം
7) വീഡീയോ കോൺഫറൻസിംഗ് സംവിധാനം
8) റഫറൽ സർവ്വീസ്

**3. ആശ്വാസനിധി**

ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ധനസഹായം നൽകുന്നതിനായി സ.ഉ.(സാധാ) 701/2018 തീയതി 10.12.2018 പ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ആശ്വാസനിധി പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം 84 ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്.

**4. ഹോം ഫോർ മെന്റൽ ഹെൽത്ത്**

വിമൺ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള വിമൻ ആന്റ് ചിൽഡ്രൻ ഹോം (ഹോം ഫോർ മെന്റൽ ഹെൽത്ത്) 01.01.2020 മുതൽ പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റിന്റെ മേൽനോട്ടത്തിൽ തൃശ്ശൂരൽ പ്രവർത്തനം ആരംഭിച്ചു.

**5. എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോം**

12 വയസ്സിനു താഴെയുള്ള ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ച കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ കുട്ടികൾക്കായി കോഴിക്കോട് എസ്.ഒ.എസ്. ഹോം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**6. തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം**

നിലവിൽ വിമൺ ആന്റ് ചിൽഡ്രൻ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോമിനായി എറണാകുളം ജില്ലയിൽ എടക്കാട്ട് വയലിലുള്ള ജില്ലാ പഞ്ചായത്ത് കെട്ടിടം വിട്ടു നൽകിയിട്ടുണ്ട്. ഹോമിന്റെ നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകിയിട്ടുണ്ട്. ഹോം നടത്തിപ്പിനുള്ള എൻ.ജി.ഒ.യെ തെരഞ്ഞെടുക്കുന്ന നടപടികളും സർക്കാർ പരിഗണനയിലാണ്.

തേജോമയ ആഫ്റ്റർ കെയർ പദ്ധതിയുടെ ഭാഗമായി വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 42 കുട്ടികൾക്ക് സ്കിൽ അസ്സസ്മെന്റ് നടത്തുകയും അവരുടെ തൊഴിൽ നൈപുണ്യം കണ്ടെത്തുകയും ചെയ്തു. 26 കുട്ടികൾക്ക് ഒരുമാസത്തെ സൈക്കോളജിക്കൽ ഇന്റർവെൻഷൻ പ്രോഗ്രാം നടത്തുകയും തൊഴിൽ സന്നദ്ധരാക്കുകയും ചെയ്തിട്ടുണ്ട്. അതിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 4 അംഗങ്ങൾ നിലവിൽ എറണാകുളം ലുലുമാളിലുള്ള കെ.എഫ്.സി. ഔട്ട് ലെറ്റിൽ ജോലി നോക്കുകയും ചെയ്യുന്നു. കൂടാതെ താജ് ഹോട്ടൽസ്, ട്രിവാൻഡ്രം ക്ലബ്ബ് എന്നിവിടങ്ങളിലും അംഗങ്ങൾ ജോലി നോക്കി വരുന്നു.

7. **ഇന്റഗ്രേറ്റഡ് കെയർ സെന്റർ (ICC)**

വിമൻ ആന്റ് ചിൽഡ്രൻ ഹോമിലെ താമസക്കാരിൽ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയുള്ള പരിചരണം ആവശ്യമുള്ളവർക്കും എം.ടി.പി. കഴിഞ്ഞവർക്കും വേണ്ടി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്ന ഹോമാണ് ഇന്റഗ്രേറ്റഡ് കെയർ സെന്റർ. ഇവർക്ക് പ്രത്യേക പരിചരണം ആവശ്യമായതിനാൽ സാധാരണ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ താമസിപ്പിക്കുമ്പോൾ അതിനുള്ള സൌകര്യവും സാഹചര്യവും ലഭ്യമാവുകയില്ല. പ്രസ്തുത ഹോം ആരംഭിക്കുന്നതിന് 7.11.18 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) 641/2018/സാനീവ പ്രകാരം കേരള മഹിള സമഖ്യ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

8. **തൃശ്ശൂർ മോഡൽ ഹോം**

ലൈംഗീകാതിക്രമ കേസുകളിലെ സാക്ഷിയും പീഡിതയും ഒരാളായതിനാൽ താമസക്കാരുടെ മാനസികാഘാതം ലഘൂകരിച്ച് സാധാരണ നിലയിലേക്ക് കൊണ്ടുവരുന്നതിനും പഠിക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും തൊഴിൽപരമായ പരിശീലനം നൽകുന്നതിനും പ്രത്യേകം പരിചരണവും കൌൺസിലിംഗും നൽകി പുനരധിവസിപ്പിച്ച് സമൂഹത്തിലേക്ക് പുനരേകീകരിക്കുന്നതിനും സമഗ്രമായ വികസനം ലക്ഷ്യമാക്കി ഒരു മോഡൽ വിമൻ ആന്റ് ചിൽഡ്രൻ ഹോം തൃശ്ശൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി തൃശ്ശൂർ രാമവർമ്മപുരത്ത് ഗേൾസ് ഹോമിനുവേണ്ടി നിർമ്മിച്ച കെട്ടിടം മോടിപിടിപ്പിച്ച് സാധനസാമഗ്രികളും ഗൃഹോപകരണങ്ങളും, ഫർണിച്ചറുകളും സജ്ജമാക്കി പ്രവർത്തനത്തിന് യോഗ്യമാക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

9. **എൻട്രി ഹോം**

നിർഭയ നയത്തിന്റെ ഭാഗമായി ലൈംഗികാതിക്രമം അതിജീവിച്ചവർക്ക് വേണ്ടി പ്രവർത്തിക്കുന്ന വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ ചൈൽഡ് വെൽഫെയർകമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് കുട്ടികളെ പ്രവേശിപ്പിക്കുന്നത്. ലൈംഗികാതിക്രമത്തിനിരയായി മാനസികമായും ശാരീരികമായും തകർന്നവരെ മാനസികാഘാതവും മനോവ്യഥയും മാറ്റി ശാക്തീകരിച്ചതിനുശേഷം മാത്രമേ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിലേക്കോ മറ്റ് സുരക്ഷിത സ്ഥലത്തേക്കോ മാറ്റുവാൻ സാധിക്കുകയുള്ളൂ. ഈ അവസ്ഥയിൽ ഇവർക്ക് പ്രത്യേക പരിചരണവും ശുശ്രൂഷയും സേവനങ്ങളും നൽകേണ്ടതാണ്. നിലവിലുള്ള വിമൻ

ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരിൽ മുകളിൽപറഞ്ഞ അവസ്ഥയിൽ നിന്നും വ്യത്യാസം വന്നവരെ തൃശ്ശൂർ വിമൻ ആന്റ് ചിൽഡ്രൻ മെയിൻ ഹോമിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ഓരോ ജില്ലയിലുമുള്ള വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ എണ്ണത്തിൽ കുറവ് വരുന്നതാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തിരം ലൈംഗികാതിക്രമത്തിനിരയായവർക്ക് സ്വന്തം ഭവനത്തിൽ സുരക്ഷിതത്വം കേസ് നടത്തിപ്പിന് വിപരീതമായ സാഹചര്യവുമുള്ളപ്പോൾ സുരക്ഷിത അഭയം നൽകേണ്ടത് അത്യാവശ്യമാണ്. ആയതിനുവേണ്ടി ഓരോ ജില്ലയിലുമുള്ള നിലവിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകൾ എൻട്രി ഹോമുകളാക്കി മാറ്റി ഇവർക്കാവശ്യമായ സേവനങ്ങൾ നൽകി ശാക്തീകരിച്ചതിനുശേഷം മെയിൻ ഹോമിലേക്ക് മാറ്റുന്നതാണ്.

**പ്രധാന മന്ത്രി മാതൃ വന്ദന യോജന (PMMVY)**

ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിതാ ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാന മന്ത്രി മാതൃ വന്ദന യോജന. 2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ആദ്യ പ്രസവത്തിനു 5000 രൂപ ധനസഹായം മൂന്ന് ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്നു.

കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവർ ഒഴികെ മറ്റു പ്രസവാനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്ത എല്ലാ സ്ത്രീകൾക്കും അവരുടെ ആദ്യ പ്രസവത്തിനു ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

**നിബന്ധനകൾ**

| ഗഡു | നിബന്ധന | തുക |
|---|---|---|
| ഒന്നാം ഗഡു | അവസാന മാസമുറ തീയതി കഴിഞ്ഞു 150 ദിവസത്തിനകം ആരോഗ്യ കേന്ദ്രത്തിന്റെ, അങ്കണവാടിയിലോ രജിസ്റ്റർ ചെയ്തിരിക്കണം | 1000 |
| രണ്ടാം ഗഡു | അവസാന മാസമുറ തീയതി കഴിഞ്ഞു ഒരു പരിശോധന എങ്കിലും നടത്തിയിരിക്കണം. | 2000 |
| മൂന്നാം ഗഡു | ജനനം രജിസ്റ്റർ ചെയ്ത ആദ്യ ഘട്ട പ്രതിരോധ കുത്തിവെപ്പുകൾ പൂർത്തിയാക്കിയിരിക്കണം. | 2000 |

അംഗനവാടി കേന്ദ്രങ്ങൾ വഴി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ഐ.സി.ഡി.എസ് ഓഫീസുകൾ വഴി PMMVY CAS എന്ന സോഫ്റ്റ്‌വെയർ വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

2019-20 സാമ്പത്തിക വർഷം ആകെ 101,08,33,000/- രൂപ (ഇതിൽ കേന്ദ്ര വിഹിതം 60,64,99,800/- രൂപയും സംസ്ഥാന വിഹിതം 40,43,33,200/- രൂപയും) പദ്ധതി ഇനത്തിൽ 1,87,314 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗഡു | അപേക്ഷകളുടെ എണ്ണം | തുക (രൂപ) |
|---|---|---|
| ഒന്നാം ഗഡു | 222843 | 22,28,43,000 |
| രണ്ടാം ഗഡു | 221380 | 44,27,60,000 |
| മൂന്നാം ഗഡു | 172615 | 34,52,30,000 |

**3. മഹിള ശക്തി കേന്ദ്ര (MSK)**

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ ശക്തി കേന്ദ്ര. മഹിളാ ശക്തി കേന്ദ്രയുടെ പ്രവർത്തനങ്ങൾ വിവിധ തട്ടുകളായിട്ടാണ് നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ District Level Centre for Women (DLCW) ആരംഭിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ തെരഞ്ഞെടുത്ത നാലു ബ്ലോക്കുകളിലും വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലും ബ്ലോക്കുതലത്തിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി ഉത്തരവായിട്ടുണ്ട്. കൂടാതെ ബാക്കിയുള്ള 12 ജില്ലകളിലും DLCW 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 9,02,967/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**4. സ്വധാർ ഗൃഹ്**

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസസൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വധാർ ഗൃഹ്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പ്രസ്തുത പദ്ധതി NGO-കൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

<u>ലക്ഷ്യങ്ങൾ</u>

a. സാമ്പത്തിക സാമൂഹികമായും ബുദ്ധിമുട്ടുന്ന ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസ സൗകര്യം, ഭക്ഷണം, വൈദ്യസഹായം, നിയമ സഹായം എന്നിവ നൽകുക.

b. ദുഷ്ക്കര സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും പെട്ട് മാനസികമായി തളർന്ന സ്ത്രികൾക്ക് വൈകാരിത പിന്തുണ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടു വരിക.

c. നിയമസഹായവും പിന്തുണയും നൽകി അവരെ കുടുംബ ജീവിതത്തിലേയ്ക്കും സമൂഹത്തിലേയ്ക്കും തിരികെ കൊണ്ടുവരിക.

d. മാനസികവും സാമ്പത്തികവുമായി അവരെ പുനരധിവസിപ്പിക്കുക.

e. മാനസിക പിരിമുറക്കമനുഭവിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുക.

f. മാനസിക സമ്മർദ്ദത്തിൽനിന്നുള്ള കാരണങ്ങൾ ബോധ്യമാക്കി അവരെ അതിൽ നിന്നും മുക്തരാക്കി പുതിയ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുക.

- **പദ്ധതി പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന SWADHAR GREH**

1. Kerala Working Women's Association.
   (Near Cantonment House, Vikas Bhavan).
2. Abhaya ( Athani, Pattor Road, Vanchiyoor
3. Desasevini Vanitha Samajam
   (Puthalam, Kottukal.P.O, Trivandrum.
4. National Service Society
   Perunthalmanna, Malappuram.
5. District Women's Council, Idukki
6. Dharmagiri Vikas Society
   (Kothamangalam, Ernakulam
7. People's Council for Social Justice
   (Near High Court, Kochi.

Expenditure

കേന്ദ്ര സർക്കാർ വിഹിതം – 32,26,200/- (19-20)

കേന്ദ്ര സർക്കാർ വിഹിതം -69,59,206/- (2016-17 to 2018-19 pending fund)

ഭരണാനുമതി (1) – 13,44,250/-

ഭരണാനുമതി (2) – 1,52,67,750/-

പദ്ധതിയ്ക്കായി ആകെ അനുവദിച്ച തുക – **1,66,12,000/-**

**5. ഉജ്ജ്വല പദ്ധതി**

ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല.

ടി പദ്ധതി പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി prevention ഇനത്തിൽ ഒരു ഹോമിനു 1,00,000/- രൂപയും Rehabilitation ഇനത്തിൽ ഒരു ഹോമിനു 25,23,500/- രൂപയും എന്ന നിരക്കിൽ 60:30:10 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രം, സംസ്ഥാനം, സംഘടന എന്നിവർ വഹിക്കുന്നു.

<u>ലക്ഷ്യങ്ങൾ</u>

1. ബോധവത്ക്കരണ പരിപാടികൾ സെമിനാറുകൾ, പ്രഭാഷണങ്ങൾ എന്നിവ വഴി ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് സ്ത്രീകളിലേയും കുട്ടികളിലേയും ലൈംഗിക ചൂഷണം തടയുക.
2. ചൂഷണം നടന്ന സ്ഥലത്ത് നിന്നും ഇരകളെ മോചിപ്പിച്ച് സുരക്ഷിത സ്ഥലങ്ങളിൽ എത്തിയ്ക്കുക.
3. ചൂഷണ്ത്തിന് ഇരയായവർക്ക് താമസം, വസ്ത്രം, ഭക്ഷണം, കൗൺസലിംഗ്, വൈദ്യസഹായം, നിയമ സഹായം, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുക.
4. ചൂഷണത്തിനു ഇരയായവരെ പുനരേകീകരിച്ച് കുടുംബത്തിലേക്കും സമൂഹത്തിലേയ്ക്കും തിരികെ എത്തിക്കുക.
5. ചുഷണത്തിനിരയായ പ്രവാസികളെ പുനരധിവസിപ്പിക്കുക.

നിലവിൽ 3 ഹോമുകളാണ് ഉജ്ജ്വല പദ്ധതി പ്രകാരം പ്രവർത്തിച്ചു വരുന്നത്.

1. കൾച്ചറൽ അക്കാഡമി ഫോർ പീസ്, എറണാകുളം – Prevention and Rehabilitation.
2. സെന്റ് ബർണഡിറ്റ് ഹോം ഫോർ വിമൻ, കോഴിക്കോട് – Rehabilitation.
3. പി.സരോജിനി അമ്മ സ്മാരക മഹിളാ സമാജം, മഞ്ചേരി, മലപ്പുറം. – Prevention.

Expenditure

സ.ഉ(സാധ) നം.473/2019/സാനീവ തീയതി 29.07.2019 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തുക – 20,00,000/-

ടി ഉത്തരവ് പ്രകാരം അനുവദിച്ച തുക- 19,79,862/-

സ.ഉ(സാധ) നം.130/2020/സാനീവ തീയതി 02.03.2020 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തുക – 42,30,886/-

ടി ഉത്തരവ് പ്രകാരം അനുവദിച്ച തുക- 42,30,886/-

**കൈത്താങ്ങ് പദ്ധതി**

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടായ ശേഷം വിലപിക്കാതെ ഇനിയും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കുടുംബശ്രീ, ആശാവർക്കേഴ്സ്, പ്രേരക്മാർ, മഹിളാപ്രധാൻ എജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷൻ എന്നിവരെ ഉൾപ്പെടുത്തി കൈത്താങ്ങ് എന്നൊരു കർമ്മസേന രൂപീകരിക്കുകയും പൈലറ്റടിസ്ഥാനത്തിൽ 70 പഞ്ചായത്തുകളിലെ 350 വാർഡുകളിൽ വനിതാ ശിശു വികസന വകുപ്പ് മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയും ചെയ്തു. ഇതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ 2019-20 വർഷം ഓരോ ജില്ലയിലേയും മുമ്പ് ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്ത 5 പഞ്ചായത്തുകളിലെ 5 വാർഡ് വീതം തെരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പിലാക്കി. ഇതിലേക്ക് 2019-20 വർഷം 14 ജില്ലകൾക്കുമായി 27,30,000/- രൂപ അനുവദിച്ചു.

**ശ്രദ്ധ**

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സേവന ദാതാക്കൾക്കും, വകുപ്പ് ഉദ്യോഗസ്ഥർക്കും നിയമപരമായി അവബോധം നൽകുന്നതിന് **ശ്രദ്ധ** പദ്ധതി നടപ്പിലാക്കി വരുന്നു. 2019-20 വർഷം 14 ജില്ലകൾക്കായി 28 ലക്ഷം രൂപ അനുവദിച്ചു.

**അഭയ കിരണം**

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ്. 2019-20 വർഷം 779 ഗുണഭോക്താക്കൾക്കായി 96,31,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**സഹായഹസ്തം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം' ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു. 2019-20 വർഷം 131 ഗുണഭോക്താക്കൾക്കായി 39,30,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**പടവുകൾ**

കേരളത്തിൽ ജനങ്ങളുടെ ആയുർ ദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടന്നുള്ള മരണം എന്നിവ ഏറി വരുന്നതായും പലപ്പോഴും ഇങ്ങനെയുള്ള വിധി വൈപരീത്യത്തിന് ഇരയാകുന്നത്. പുരുഷൻമാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബ നാഥൻമാരുമാണ്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്ന് ജീവിക്കുന്നത്. ഇത്തരം കുടുംബത്തിൽപ്പെടുന്ന കുട്ടികളെയും കുടുംബങ്ങളെയും സംരക്ഷിക്കേണ്ടതും പുനരുദ്ധരിക്കേണ്ടതും ഭരണ വിഭാഗത്തിന്റെ പ്രധാന കടമകളിലൊന്നായി കാണേണ്ടതുണ്ട്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 2019-20 വർഷം 49 ഗുണഭോക്താക്കൾക്കായി 21,95,148/- രൂപയും അനുവദിച്ചിട്ടുണ്ട്.

**വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി**

ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരമായി കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. ഒന്നാംക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3,000/- രൂപയും, 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 5000/- രൂപയും, പ്ലസ് വൺ, പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് 7,500/- രൂപയും ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10,000/- രൂപയും വിദ്യാഭ്യാസ ധനസഹായം ഈ പദ്ധതി പ്രകാരം അനുവദിച്ചു വരുന്നു. 2019-20 വർഷം 3006 ഗുണഭോക്താക്കൾക്കായി 1,57,79,750/- രൂപയും അനുവദിച്ചിട്ടുണ്ട്.

**മംഗല്യ – വിധവാ പുനഃ വിവാഹ പദ്ധതി**

കേരളത്തിൽ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മംഗല്യ വിധവാ പുനർ വിവാഹ ധനസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകളുടെ പുനർ വിവാഹത്തിന് 25,000/- രൂപ ക്രമത്തിൽ നൽകുന്നു. 2019-20 വർഷം 235 ഗുണഭോക്താക്കൾക്കായി 58,75,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**അതിജീവിക**

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ ചെയ്യുമ്പോൾ നിത്യ ചെലവിനും ആശുപത്രി ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമാർഗമില്ലാതെ ദുരിതമനുഭവിക്കേണ്ടി വരുന്നു. വിധവകൾ, ഭർത്താവ് ഗുരുതര രോഗത്താൽ കിടപ്പിലായ കുടുംബം, ഭർത്താവ് ഉപേക്ഷിച്ചതോ, വിവാഹബന്ധം വേർപെടുത്തിയതോ ആയിട്ടുള്ള കുടുംബം എന്നിവർ എല്ലാംതന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നു. ഭർത്താവിന്റെ അകാല മരണത്താൽ രോഗചികിത്സയും വീട് നിർമ്മാണത്തിനും ബാങ്കിൽ നിന്നും എടുത്ത ലോണുകളുടെ തിരിച്ചടവ് മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് അടിയന്തിരഘട്ടത്തിൽ ആശ്വാസം നൽകുന്ന പദ്ധതിയാണ് അതിജീവിക. പരമാവധി 50,000/- രൂപ വരെയാണ് നൽകുന്നത്. ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**വനിതാ ദിനം 2019-20**

മാർച്ച് -8 അന്താരാഷ്ട്ര വനിതാ ദിനമായി ആചരിച്ചു വരുന്നു. സംസ്ഥാനതല വനിതാ ദിനം മാർച്ച് 7-ന് ബഹു. കേരള മുഖ്യമന്ത്രി നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു. സാമൂഹ്യസേവനം, കായിക രംഗം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടേയും കുട്ടികളുടേയും ശാക്തീകരണം വിദ്യാഭ്യാസ മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത എന്നിങ്ങനെ 5 മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച 5 വനിതകളെ ഒരു ലക്ഷം രൂപ അവാർഡും പ്രശസ്തി പത്രവും നൽകി ആദരിച്ചു. ആരോഗ്യവും വിദ്യാഭ്യാസവും

സാമൂഹികപരവുമായ സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും എന്ന ആശയം പ്രതിപാദിക്കുന്ന ചുവർ ചിത്ര രചനകൾ സംഘടിപ്പിക്കുന്നതിന് 14 ജില്ലകൾക്കായി 1,85,000/- രൂപ അനുവദിച്ചു. വനിതാദിനത്തിനും വനിതാദിനാചരണ പരിപാടികൾക്കുമായി 18 ലക്ഷം രൂപ ചെലവഴിച്ചു.

**2019-ലെ വനിതാ രത്ന പുരസ്ക്കാരത്തിന് അർഹരായവർ**

| | | |
|---|---|---|
| 1. ശ്രീമതി സി.ഡി. സരസ്വതി | – | സാമൂഹ്യസേവനം |
| 2. ശ്രീമതി പി.യു. ചിത്ര | - | കായിക രംഗം |
| 3. കുമാരി രഹ്നാസ് | - | പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത |
| 4. ഡോ. പാർവതി പി.ജി വാര്യർ | - | വനിതാ ശാക്തീകരണം |
| 5. ഡോ. ടി. വനജ | - | ശാസ്ത്രരംഗം |

2019 ഡിസംബർ 29 നിർഭയ ദിനമായി ആചരിക്കുകയും അന്നേ ദിവസം സ്ത്രീ സുരക്ഷക്കായി **പൊതു ഇടം എന്റേതും** എന്ന ആപ്ത വാക്യവുമായി രാത്രി 12 മണി മുതൽ രാത്രി നടത്തം സംഘടിപ്പിച്ചു. ഈ പരിപാടി സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുകയുണ്ടായി. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തുടർന്നും നടപ്പിലാക്കി വരുന്നു.

**വിമോചനത്തിന്റെ പാട്ടുകാർ** എന്ന ഷോർട്ട്ഫിലിം നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപ വനിതാ വികസന കോർപ്പറേഷന് അനുവദിച്ചു.

## വനിതകൾക്കായുള്ള സ്ഥാപനങ്ങൾ

**മഹിളാ മന്ദിരങ്ങൾ**

വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ സംരക്ഷിക്കാനാരുമില്ലാത്ത സ്ത്രീകളെയും അവരുടെ 6 വയസ്സിനു താഴെയുള്ള കുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 12 മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു. നിലവിൽ 268 താമസക്കാർക്ക് പുനരധിവാസം നൽകുന്നുണ്ട്. ഇവയിലൂടെ താമസം, ഭക്ഷണം, മരുന്ന് തുടങ്ങിയവ നൽകി വരുന്നു. മാതാപിതാക്കൾക്ക് വിവാഹം കഴിപ്പിച്ചു അയയ്ക്കാനുള്ള സാമ്പത്തികം ഇല്ലാത്തവരും സ്ഥാപനത്തിൽ തന്നെ താമസിച്ചു വരുന്ന യുവതികളുടെ വിവാഹം നടത്തി വരുന്നു. 2019-20 സാമ്പത്തിക വർഷം വിദ്യാഭ്യാസ ചെലവിനായി 5,65,130/- രൂപ അനുവദിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം 10 കുട്ടികളുടെ വിവാഹത്തിനായി 10,00,000/- രൂപ അനുവദിച്ചിരുന്നു. ഇത്തരത്തിൽ വിവാഹിതരായി പോകുന്ന യുവതികളുടെ കുടുംബസംഗമം എല്ലാ വർഷവും **സ്നേഹസംഗമം** എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നു. ഒരു സ്ഥാപനത്തിന് **സ്നേഹസംഗമം** സംഘടിപ്പിക്കുന്നതിന് 50,000/- രൂപ വീതം 14 സ്ഥാപനങ്ങൾക്ക് 7,00,000/- രൂപ 2019-20 സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ താമസക്കാരുടെ വിദ്യാഭ്യാസം, സ്വയം തൊഴിൽ പരിശീലനം എന്നിവയ്ക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നു. തിരുവനന്തപുരം മഹിളാമന്ദിരത്തിലെ താമസക്കാർക്കായി HLL വഴി മെഡിക്കൽ ട്രീറ്റ്മെന്റ് നൽകി വരുന്നു.

**ആഫ്റ്റർ കെയർ ഹോം**

വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പൂവർ ഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങിയവരെയാണ് ആഫ്റ്റർ കെയർ ഹോമുകളിൽ പുനരധിവസിപ്പിക്കുന്നത്. കോഴിക്കോട്, കൊല്ലം ജില്ലകളിൽ പെൺകുട്ടികളെയും, തലശ്ശേരിയിൽ ആൺകുട്ടികളെയും പുനരധിവസിപ്പിക്കുന്നുണ്ട്. സ്ഥാപനത്തിൽ 140 താമസക്കാർ ഉണ്ട്. സ്ഥാപനത്തിലെ കുട്ടികളുടെ താമസം, ഭക്ഷണം, മരുന്ന്, വിവാഹം, സ്വയംതൊഴിൽ പരിശീലനം എന്നിവയ്ക്ക് വകുപ്പ് ഫണ്ട് വകയിരുത്തി നടത്തി വരുന്നു. 2019-20 വർഷം വിദ്യാഭ്യാസ ചെലവുകൾക്കായി 11,13,804/- രൂപ അനുവദിച്ചു.

**റസ്ക്യൂ ഹോം**

അസാന്മാർഗിക അനാശ്ശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തേണ്ടി വന്ന സ്ത്രീകളുടെ പുനരധിവാസം ലക്ഷ്യമിട്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് മലപ്പുറം ജില്ലയിൽ നടപ്പിലാക്കി വരുന്ന പുനരധിവാസ പദ്ധതിയാണ് റസ്ക്യൂ ഹോം. നിലവിൽ 22 താമസക്കാർക്ക് ഉണ്ട്. താമസക്കാരുടെ ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവയും മറ്റു ചെലവുകൾക്കും വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നു.

**ഷോർട്ട് സ്റ്റേ ഹോം**

വകുപ്പിന്റെ കീഴിൽ കോഴിക്കോട് ഒരു ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിച്ചു വരുന്നു. സ്ഥാപനത്തിൽ നിലവിൽ 20 താമസക്കാർ ഉണ്ട്. താമസക്കാരുടെ ചികിത്സക്കായി 36,450/- രൂപ അനുവദിച്ചിട്ടുണ്ട്.

**എന്റെ കൂട്**

നിരാംലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച "എന്റെ കൂട്" പദ്ധതി **സർക്കാർ ഉത്തരവ് (സാധാ) നം.196/2017/സാനീവ തീയതി 04.04.2019** പ്രകാരം സാമൂഹ്യ നീതി വകുപ്പിൽ നിന്നും വനിതാ ശിശു വികസന വകുപ്പിനു കൈമാറി ഉത്തരവായിട്ടുണ്ട്.

**എന്റെ കൂട്** പദ്ധതി സംസ്ഥാനത്ത് കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നടപ്പിലാക്കുന്നു. 2015-ൽ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനു സമീപവും 2018-ൽ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിലെ K.T.D.F.C കെട്ടിടത്തിലും പ്രവർത്തനം ആരംഭിച്ചു.

**ഗുണഭോക്താക്കൾ/യോഗ്യത**

സ്ത്രീകൾ, കുട്ടികൾ, 12 വയസ്സിനു താഴെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രമായി അഡ്മിഷൻ അനുവദിക്കുന്നതല്ല.)

<u>നിബന്ധനകൾ</u>

1. സ്ത്രീകൾ, പെൺകുട്ടികൾ, 12 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക്

മുൻഗണന ഉണ്ടായിരിക്കുന്നതാണ്. (കുട്ടികൾക്ക് മാത്രമായി അഡ്മിഷൻ അനുവദിക്കുന്നതല്ല.)

2. ടി സ്ഥാപനത്തിന്റെ പ്രവർത്തന സമയം വൈകുന്നേരം 6.30 മണി മുതൽ പിറ്റേന്ന് രാവിലെ 7.30 മണി വരെയാണ്. പ്രവേശനത്തിന് യാതൊരുവിധ ഫീസും അടയ്ക്കേണ്ടതില്ല.
3. പ്രവേശനത്തിന് അഡ്വാൻസ് ബുക്കിംഗ് ഉണ്ടായിരിക്കുന്നതല്ല.
4. വെളുപ്പിന് 3 മണിവരെ എത്തുന്നവർക്ക് സ്ഥല ലഭ്യത അനുസരിച്ച് പ്രവേശനം അനുവദിക്കുന്നതായിരിക്കും.
5. അഡ്മിഷൻ സമയത്ത് ഒറിജിനൽ ഐ.ഡി. പ്രൂഫ് ഹാജരാക്കേണ്ടതാണ്.
6. രാത്രി 9 മണിക്ക് ശേഷം പ്രവേശനം അനുവദിക്കുന്നതിന് തിരുവനന്തപുരത്ത് ആ സമയത്ത് എത്തിയതിന്റെ തെളിവ്/കാരണം ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.
7. ഫ്രഷ് ആകുന്നതിന് മാത്രമായി പ്രവേശനം അനുവദിക്കുന്നതല്ല. ഏതെങ്കിലും പ്രത്യേക സാഹചര്യങ്ങളിൽ ഫ്രഷ് ആകുന്നതിന് മാത്രം പ്രവേശനം വേണ്ടി വന്നാൽ 100/- രൂപ അടച്ച് പ്രവേശനം നേടാവുന്നതാണ്. ആയത് സൗകര്യമനുസരിച്ച് മാത്രം നൽകുന്ന സേവനമായിരിക്കും.
8. ഒരു മാസത്തിൽ ഒരാൾക്ക് പരമാവധി 3 ദിവസത്തേയ്ക്കു മാത്രമാണ് പ്രവേശനം അനുവദിക്കുക. അടിയന്തര സാഹചര്യങ്ങളിൽ 3 ദിവസങ്ങളിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും 150/-രൂപ ക്രമത്തിൽ അടച്ച് പ്രവേശനം നേടാവുന്നതാണ്. അശരണരായ വനിതകൾക്ക് ഈ നിബന്ധന ബാധകമല്ല. എന്നാൽ ദീർഘകാല താമസം അനുവദനീയമല്ല.
9. രാത്രി 8 മണിവരെ പ്രവേശനം നേടുന്ന താമസകാർക്ക് സൗജന്യ രാത്രി ഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.
10. സ്ഥാപനത്തിന്റെ പ്രവർത്തന സമയത്തിനുള്ളിൽ ഒഴിഞ്ഞുപോകാൻ സാധിക്കുന്നവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു.
11. സ്ഥാപനത്തിലെ ടെലിവിഷന്റെ ഉപയോഗ സമയം രാത്രി 7 മണി മുതൽ രാത്രി 10 മണി വരെ മാത്രമായിരിക്കും.
12. മറ്റുള്ള താമസകാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള പെരുമാറ്റം അനുവദനീയമല്ല. താമസക്കാർ സ്ഥാപനത്തിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
13. സ്ഥപനത്തിലെ വസ്തുവകകളോ, ഉപകരണങ്ങളോ കേടുവരുത്തുവാൻ പാടുള്ളതല്ല. കേട് വരുത്തിയാൽ കേടായ വസ്തുവിന്റെ വിലയ്ക്ക് തുല്യമായ തുക ഫൈൻ ആയി ഈടാക്കുന്നതാണ്.
14. താമസക്കാരുടെ സാധന സാമഗ്രികൾ അവരവർ തന്നെ സൂക്ഷിക്കേണ്ടതാണ്.
15. സ്ഥാപനത്തിൽ താമസിക്കുന്നവർ മറ്റുള്ള താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കേണ്ടതാണ്. 10 മണിയ്ക്ക് ശേഷം മൊബൈൽ ഫോൺ

ഉപയോഗിക്കൻ പാടുള്ളതല്ല. അടിയന്തിര സാഹചര്യത്തിൽ ജീവനക്കാരുടെ സമ്മതത്തോടെ മാത്രമെ 10 മണിയ്ക്ക് ശേഷം മൊബൈൽ ഫോൺ ഉപയോഗിക്കാൻ പാടുള്ളൂ.

16. സ്ഥാപനത്തിന്റെ പ്രവർത്തനം ജീവനക്കാരുടെ പെരുമാറ്റം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ, നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ directorate.wcd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ഓഫീസ് പ്രവർത്തി സമയങ്ങളിൽ 0471-2346508 എന്ന ഫോൺ നമ്പരിലോ അറിയിക്കാവുന്നതാണ്.
17. സ്ഥാപനത്തിലെ ജീവനക്കാരുടെ ബന്ധുക്കളെ അനധികൃതമായി സ്ഥാപനത്തിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.
18. സ്ഥാപനത്തിന്റെ പ്രവർത്തന സമയം കഴിഞ്ഞ് (പകൽ സമയം) ആർക്കും പ്രവേശനം നൽകുകയോ, സാധന സാമഗ്രികൾ സ്ഥാപനത്തിൽ സൂക്ഷിക്കുകയോ ചെയ്യുന്നതല്ല.
19. മേൽ നിർദ്ദേശങ്ങൾ വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ താമസക്കാർക്കും ബാധകമായിരിക്കും.

<u>Expenditure</u>

സർക്കാർ ഉത്തരവ് (സാധാ) നം.4971/2019/ഫിൻ തീയതി 29.06.2019 പ്രകാരം 25,73,700/- രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. 18,18,601/- രൂപ 2019-20 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**വൺ ഡേ ഹോം (ഏകദിന വസതി)**

തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഏകദിന വസതി (One Day Home) എന്ന പദ്ധതി തിരുവനന്തപുരം തമ്പാനൂർ KSRTC ടെർമിനൽ സ്റ്റേഷനിൽ ഉള്ള കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ 2020 മാർച്ച് 7-ാം തീയതി മുതൽ നടപ്പിലാക്കി വരുന്നു.

<u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1. തിരുവനന്തപുരം തലസ്ഥാന നഗരിയിൽ അടിയന്തിര ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾ, പെൺകുട്ടികൾ, അമ്മമാരോടൊപ്പമുള്ള 12 വയസ്സുവരെയുള്ള ആൺകുട്ടികൾ എന്നിവർക്കാണ് പ്രവേശനം അനുവദിക്കുന്നത്. അശരണരായ വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
2. ടി സ്ഥാപനത്തിൽ പ്രവേശനം എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്.
3. പ്രവേശനത്തിന് അഡ്വാൻസ് ബുക്കിംഗ് ഉണ്ടായിരിക്കുന്നതല്ല.
4. പ്രവേശന സമയത്ത് തിരുവനന്തപുരത്ത് എത്തിയതിന്റെ കാരണം ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.
5. ഒരാൾക്ക് 1 ദിവസത്തേയ്ക്കു മാത്രമാണ് പ്രവേശനം അനുവദിക്കുക. ഒരു ദിവസത്തിന് ഡോർമെറ്ററിയ്ക്ക് 150/- രൂപയും ക്യുബിക്കിളിൽ 250/- രൂപയുമാണ് ചാർജ്ജ്. അടിയന്തര

സാഹചര്യങ്ങളിൽ 3 ദിവസംവരെ പ്രവേശനം അനുവദിക്കുന്നതാണ്. ഒരു ദിവസത്തിൽ കൂടുതൽ താമസിക്കേണ്ടി വന്നാൽ അധികമായി വേണ്ടി വരുന്ന ഓരോ ദിവസത്തിനും യഥാക്രമം 200/- രൂപയും 300/-രൂപയും അടച്ച് പ്രവേശനം നേടാവുന്നതാണ്. 3 ദിവസത്തിനു കൂടുതൽ അനുവദനീയമല്ല.

6. അഡ് മിഷൻ സമയത്ത് ഒറിജിനൽ ഐ.ഡി. പ്രൂഫ് ഹാജരാക്കേണ്ടതാണ്.
7. മറ്റുള്ള താമസകാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള പെരുമാറ്റം അനുവദനീയമല്ല. താമസക്കാർ സ്ഥാപനത്തിൽ അച്ചടക്കം പാലിക്കേണ്ടതാണ്.
8. സ്ഥപനത്തിലെ വസ്തുവകകളോ, ഉപകരണങ്ങളോ കേടുവരുത്തുവാൻ പാടുള്ളതല്ല. കേട് വരുത്തിയാൽ കേടായ വസ്തുവിന്റെ വിലയ്ക്ക് തുല്യമായ തുക ഫൈൻ ആയി ഈടാക്കുന്നതാണ്.
9. താമസക്കാരുടെ സാധന സാമഗ്രികൾ അവരവർ തന്നെ സൂക്ഷിക്കേണ്ടതാണ്.
10. സ്ഥാപനത്തിൽ താമസിക്കുന്നവർ മറ്റുള്ള താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ മൊബൈൽ ഫോൺ ഉപയോഗിക്കേണ്ടതാണ്.
11. സ്ഥാപനത്തിന്റെ പ്രവർത്തനം ജീവനക്കാരുടെ പെരുമാറ്റം എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ, നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ directorate.wcd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ഓഫീസ് പ്രവർത്തി സമയങ്ങളിൽ 0471-2346508 എന്ന ഫോൺ നമ്പരിലോ അറിയിക്കാവുന്നതാണ്.
12. സ്ഥാപനത്തിലെ ജീവനക്കാരുടെ ബന്ധുക്കളെ അനധികൃതമായി സ്ഥാപനത്തിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.
13. മേൽ നിർദ്ദേശങ്ങൾ വകുപ്പിലെ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ താമസക്കാർക്കും ബാധകമായിരിക്കും.

2019-20 സാമ്പത്തിക വർഷം One Day Home-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വാടകയ്ക്കും ഉദ്ഘാടന പരിപാടികൾക്കുമായി ആകെ 26,71,051/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## സ്ത്രീകളുമായി ബന്ധപ്പെട്ട നിയമങ്ങൾ

### സ്ത്രീധന നിരോധന നിയമം

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരെ നിയോഗിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ടി നിയമത്തിന്റെ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം ആചരിക്കുന്നതിന്റെ ഭാഗമായി 2019 നവംബർ 26-ന് എല്ലാ ജില്ലകളിലും ജില്ലാതല പരിപാടികളും പാലക്കാട് ജില്ലയിൽ സംസ്ഥാനതല പരിപാടിയും സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സോഷ്യൽ മീഡിയ വിനിയോഗിച്ച് ഓൺലൈൻ മിംസ് കോമ്പറ്റിഷൻ നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 60 ലക്ഷം ജനങ്ങൾക്ക് സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ്ത്രീധനത്തിനെതിരായി പോരാടൻ പ്രശസ്ത ചലച്ചിത്ര നടനായ ശ്രീ. ടൊവിനോ തോമസിനെ ബ്രാൻഡ് അംബാസിഡറായി നിയോഗിക്കുകയും പാലക്കാട് അഹല്യ ഹെൽത്ത് ഹെറിറ്റേജ് & നോളഡ്ജ് വില്ലേജിൽ വച്ച് നടത്തിയ സംസ്ഥാനതല പരിപാടിയിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തു. 2019-20 വർഷം സ്ത്രീധന നിരോധന ദിനാചരണ പരിപാടികൾക്കായി 4,25,000/- രൂപ ചെലവഴിച്ചു. അടുത്ത 5 വർഷത്തേയ്ക്ക് MSK പദ്ധതിയുമായി യോജിപ്പിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം -2005**

ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം (Protection of Women from Domestic Violence Act 2006 ഒക്ടോബർ മാസം മുതൽ നമ്മുടെ രാജ്യത്ത് നിലവിൽ വന്നു. ടി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 79 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, 14 ഷെൽട്ടർ ഹോമുകൾ, 39 ഫാമിലി കൗൺസിലിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഷെൽട്ടർ ഹോം/സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ ലീഗൽ കൗൺസിലർമാരുടേയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് 2019-20 വർഷം 2,74,82,270/- രൂപ അനുവദിച്ചു.

**തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം - 2013**

13.08.18ലെ സ.ഉ (സാധാ) നം. 489/2018/സാനീവ പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശുവികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം എല്ലാ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

കൂടാതെ Sexual Harrassment of women at workplace (Prevention, prohibition and redressel) Act 2013 സംബന്ധിച്ചുള്ള പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള SHe Box എന്ന ഓൺലൈൻ പോർട്ടൽ കേരളവും നടപ്പാക്കുന്നുണ്ട്. ടി പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ പരാതികൾ

പരിശോധിക്കുന്നതിനായി 14 ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാരെ ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ഈ ആക്ട് സംബന്ധിച്ച് ഇന്റേണൽ കമ്മിറ്റി മെമ്പർമാർക്കും പ്രിസൈഡിംഗ് ഓഫീസർമാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പരിശീലന പരിപാടികൾക്കായി 40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ നാളിതുവരെ 325 ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 2020 മാർച്ച് 8-ന് വനിതാ ദിനാചരണത്തോടനുബന്ധിച്ച് വകുപ്പിലെ സിഡിപിഒമാർ വഴി ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ആവശ്യകതയെ ക്കുറിച്ച് വിവിധ കാര്യാലയങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനം

**അങ്കണവാടി കെട്ടിടനിർമ്മാണം**

1. <u>മാതൃക അങ്കണവാടി</u>

ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടി വീതം മാതൃക അങ്കണവാടിയായി മാറ്റുന്നതിന് യൂണിറ്റ് കോസ്റ്റായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ശേഷിക്കുന്ന 6.75 ലക്ഷം രൂപ ബന്ധപ്പെട്ട് എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

മുൻ വർഷങ്ങളിൽ അനുമതി നൽകിയ 8 മാതൃക അങ്കണവാടികളുടെ നിർമ്മാണം പൂർത്തികരിച്ച് 2019-20-ൽ ഫണ്ട് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

**Model Anganawadi 2019-20**

| *Sl No.* | *District* | *ICDS* | *AWC No.* |
|---|---|---|---|
| 1. | Palakkad | Palakkad Additional | 42 |
| 2. | Kannur | Thalassery | 65 |
| 3. | Wayanad | Kalpetta Additional | 110 |
| 4. | Idukki | Kattappana Additional | 2 |
| 5. | Kasargod | Kanhangad | 18 |
| 6. | Wayanad | Sulthanbathery Additional | 63 |
| 7. | Kannur | Irikkur Additional | 61 |
| 8. | Palakkad | Mannarkkad Additional | 14 |

മാതൃകാ അങ്കണവാടി പദ്ധതി പ്രകാരം 31.03.2020 വരെ 93 അങ്കണവാടികൾ നിർമ്മിച്ചിട്ടുണ്ട്

2. <u>സ്മാർട്ട് അങ്കണവാടി</u>

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളുടെ ഭൗതീക സാഹചര്യങ്ങളും കരിക്കുലവും പരിഷ്കരിച്ച് കുട്ടികളുടെ ശാരീരികവും മാനസികവുമായ ബുദ്ധിവികാസം ലക്ഷ്യമിട്ടാണ് സ്മാർട്ട് അങ്കണവാടി കെട്ടിടം രൂപകല്പന ചെയ്തിട്ടുള്ളത്. പഠനമുറി, വിശ്രമമുറി, ഭക്ഷണ മുറി, അടുക്കള, സ്റ്റോർ റൂം, വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഹാൾ, പൂന്തോട്ടം, സ്വിമ്മിംഗ് പൂൾ തുടങ്ങി കുട്ടികളുടെ ശാരീരികവും മാനസികവുമായ എല്ലാവിധ ആവശ്യങ്ങളും നിറവേറ്റുന്ന തരത്തിൽ സ്ഥല വിസ്തീർണ്ണത്തിനനുയോജ്യമായി ആറ് വ്യത്യസ്ത പ്ലാനുകളിലാണ് അങ്കണവാടികൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണത്തിന് ലഭ്യമായ സ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട MLA/MP/LSGD ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ടി പദ്ധതിയ്ക്കായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രയുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ 6 വ്യത്യസ്ത പ്ലാനുകൾക്കും പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റിനും 30.01.2020ന് ചേർന്ന ഐസിഡിഎസ് മിഷൻ 4-ാമത് ഗവേണിംഗ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം തിരവനന്തപുരം അർബർ 2 I CDS –ലെ 37-ാം നമ്പരായ അങ്കണവാടിയ്ക്ക് സാമൂഹ്യനീതി ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സിൽ സമാർട്ട് അങ്കണവാടി പദ്ധതി പ്രകാരം 1655.23 sq.f t -ൽ 44,94,518/-രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

3. <u>MGNREGS</u>

വനിത ശിശു വികസന വകുപ്പിന് കീഴിൽ അങ്കണാടികൾക്ക് MGNREGS പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 5 ലക്ഷം രൂപ MGNREGS വിഹിതവും 2 ലക്ഷം രൂപ 60:40 ആനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ടി പദ്ധതി പ്രകാരം ആകെ 474 അങ്കണവാടികൾക്ക് നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്.

നിർമ്മാണാനുമതി നൽകിയിട്ടുള്ളതിൽ 2019-20 സാമ്പത്തിക വർഷത്തിൽ 45 അങ്കണവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

4. <u>State Plan Fund</u>

വിവിധ സാമ്പത്തിക വർഷങ്ങളിലായി സ്റ്റേററ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ആകെ 859 അങ്കണവാടികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 31.03.2020 വരെ 346 അങ്കണവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

**അങ്കണവാടികളുടെ നവീകരണം**

1. 2016-17 സാമ്പത്തിക വർഷത്തിൽ GOI യുടെ സഹായത്തോടെ 1370 അങ്കണവാടികൾ നവീകരിക്കുന്നതിന് 822 ലക്ഷം രൂപ വകയിരുത്തുകയും പ്രവൃത്തി നിർവ്വഹിക്കുന്നതിന് PWD ചീഫ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ഉണ്ടായി. യൂണിറ്റ് ഒന്നിന് 1 ലക്ഷം രൂപ നിരക്കിലാണ് ഭരണാനുമതി നൽകിയിരുന്നത്. ഇതിന്റെ 60% സംസ്ഥാന സർക്കാരും40% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നവീകരണം പൂർണ്ണമായും പൂർത്തിയാക്കുകയും സർക്കാർ വിഹിതമായ 60% തുക ആവശ്യപ്പെടുകയുമുണ്ടായി. ഇപ്രകാരം 2019-2020 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പൂർത്തിയാക്കിയ 162 അങ്കണവാടികളുടെ നവീകരണത്തിന് ചെലവായ 84,86,919/- രൂപ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ അനുവദിച്ചു കഴിഞ്ഞു. 31.3.19 വരെ 226 അങ്കണവാടികളുടെ നവീകരണം പൂർത്തിയായിട്ടുണ്ട്.
2. 2017-18 സാമ്പത്തിക വർഷത്തിൽ യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ 250 അങ്കണവാടികൾ നവീകരിക്കുന്നതിന് GO (Rt )No. 549/17/SJD dat ed: 16.08.2017 പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി ഉത്തരവായി 2019-20 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 39 അങ്കണവാടികൾ നവീകരിക്കുന്നതിനായി 39 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**ശിശു സൗഹൃദ ടോയ്‌ലറ്റ്– വയനാട്**

കേന്ദ്ര സർക്കാരിന്റെ കത്ത് നം. F.No. CD-II/14/1/2018-CD-II തീയതി 9-5-2018 പ്രകാരം ഇന്ത്യയിലെ 115 ജില്ലകളെ Aspirational District ആയി തിരഞ്ഞെടുത്തു. കേരളത്തിൽ നിന്നും വയനാട് ജില്ലയെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വയനാട് ജില്ലയിലെ 519 അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുവാൻ 62.28 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഒരു അങ്കണവാടിയ്ക്ക് 12,000/- രൂപ നിരക്കിൽ 519 അങ്കണവാടികൾക്ക് Baby Friendly Toilet നിർമ്മിക്കുവാൻ ആകെ രൂപ അനുവദിക്കുകയും അതിൽ 60% കേന്ദ്ര വിഹിതം ആയ 37,36,800/- രൂപയും 40% സംസ്ഥാന വിഹിതം ആയ 24,91,200/-- രൂപയും കൂടി ആകെ 62.28 ലക്ഷം രൂപ വയനാട് ജില്ലയിലെ 519 അങ്കണവാടികൾക്കായി വനിത ശിശുവികസന ഡയറക്ടറുടെ ഉത്തരവ് നമ്പർ ICDS-B5/9690/B5/18 തീയതി 25-11-2019 പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ മുഖേന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും 27.840 ലക്ഷം രൂപ വിനിയോഗിച്ചു.

**കുടിവെള്ള സൗകര്യം– വയനാട്**

കേന്ദ്ര സർക്കാരിന്റെ കത്ത് നം. F.No. CD-II/14/1/2018-CD-II തീയതി 9-5-2018 പ്രകാരം ഇന്ത്യയിലെ 115 ജില്ലകളെ Aspirational District ആയി തിരഞ്ഞെടുത്തു. കേരളത്തിൽ നിന്നും വയനാട് ജില്ലയെ അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വയനാട് ജില്ലയിലെ

അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തുവാൻ തുക അനുവദിച്ചിരുന്നു. ഒരു അങ്കണവാടിയ്ക്ക് 10,000/- രൂപ നിരക്കിൽ വയനാട് ജില്ലയിൽ നിന്നുള്ള 663 അങ്കണവാടികൾക്കായി 66,30,000/- രൂപ ആകെ അനുവദിച്ചിരുന്നു. എന്നാൽ Aspirational District ആയി തെരഞ്ഞെടുത്ത വയനാട് ജില്ലയിൽ നിന്നും അനുയോജ്യമായ 434 അങ്കണവാടികൾ ആണ് ലഭ്യമായത്. ആയതിലേയ്ക്ക് 43,40,000/-- രൂപ അനുവദിച്ചു. ഇതിൽ 60% കേന്ദ്ര വിഹിതം 26,04,000/-- രൂപയും 40% സംസ്ഥാന വിഹിതം 17,36,000/-- രൂപയും കൂടി ആകെ 43,40,000/-- രൂപ വയനാട് ജില്ലയിലെ 434 അങ്കണവാടികൾക്കായി വനിത ശിശുവികസന ഡയറക്ടറുടെ ഉത്തരവ് നമ്പർ ICDS-B5-8454/19 തീയതി 20-2-2019 പ്രകാരം വയനാട് പ്രോഗ്രാം ഓഫീസർ മുഖേന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കുകയും 17.60 ലക്ഷം വിനിയോഗിച്ചു.

**ഓഫീസുകളുടെയും ക്ഷേമ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം**

ക്ഷേമ സ്ഥാപനങ്ങളുടെ നവീകരണങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം 2.98 കോടി രൂപ PWD, KSHB, KPHCC, നിർമ്മിതികേന്ദ്ര എന്നീ നിർമ്മാണ ഏജൻസികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ജില്ലാ ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 69.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഡയറക്ടറേറ്റ് കെട്ടിടത്തിൻറെ രണ്ടാം നിലയുടെ എക്സ്റ്റൻഷൻ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട് . ഡയറക്ടറേറ്റിൽ വർക്ക് സ്റ്റേഷൻ, ഓഫീസ് ക്യാബിൻ, നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ടി പ്രവർത്തി നിർമ്മിതികേന്ദ്രയെ ഏൽപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ക്ഷേമ സ്ഥാപനങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കും ജില്ലാ ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുമായി അനുവദിച്ച തുകകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| Rescue Home Thavanoor | 3,80,000 |
| Rescue Home Thavanoor | 1,50,000 |
| Mahila Mandiram Kottayam | 50,30,936 |
| MahIla Mandiram Kollam Maintenance Work | 10,95,000 |
| ACH Kollam Wiring work | 1,59,000 |
| CH Kollam metal sheet shade ,CWC Visiters Seating | 9,00,000 |
| Childrens Home Kollam | 32,59,00 |
| Pathanamthitta CH | 9,20,000 |
| Pathanamthitta Mahila Mandiram | 6,94,000 |
| Mahila Mandiram Ernakulam | 4,25,000 |
| MahilMahila Mandiram Alapuzha | 28,50,000 |

| | |
|---|---|
| Mahila Mandiram Trivandrum | 36,83,517 |
| Mahila Mandiram Palakkad | 6,83,000 |
| Mahila Mandiram Alapuzha | 9,30,000 |
| Mahila Mandiram Kasargod | 20,00,000 |
| Observation Home, Muttikulangara | 48,00,000 |
| Observation Home, Wayanad | 7,90,319 |
| After care home Kollam | 312000 |
| Childrens Home Kollam | 744000 |

<u>ജില്ലാ ഓഫീസുകളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക</u>

| | |
|---|---|
| Kottayam District Office Local Area Net Work System | 88,000 |
| Kottayam District Office Electrification | 2,00.000 |
| Pathanamthitta District Office Furnishing | 76,742 |
| Kannur District Office Rennovation | 5,00,000 |
| Kannur District Office Rennovation | 5,00,000 |
| Kannur District Office Electrification | 2,85,000 |
| Ernakulam district office ,wpo,dcpo Office Work | 39,21,000 |
| Kottayam District office Rennovation Work | 1000000 |
| Wpo Thrissur office maintenance work | 410000 |

## മറ്റ് പ്രവർത്തനങ്ങളും പരിശീലന പരിപാടികളും

### ഐ.സി.ഡി.എസ്. ട്രെയിനിംഗ്

ഐ.സി.ഡി.എസ് ട്രെയിനിംഗ് പദ്ധതി 60% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 40% തുക സംസ്ഥാന സർക്കാരും വഹിയ്ക്കുന്നു. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സേവനമനുഷ്ഠിച്ചു വരുന്ന സൂപ്പർവൈസർമാർ, അങ്കണവാടി കേന്ദ്രങ്ങളിലെ വർക്കർ, ഹെൽപ്പർ എന്നിവർക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെയും 60 % ധനസഹായത്തോടെയും തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലനം പൂർത്തിയാക്കി രണ്ടു വർഷത്തിനു ശേഷം റിഫ്രഷർ ട്രെയിനിംഗും നല്കി വരുന്നു. അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് ടി വർഷം

12 ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരവും സൂപ്പർവൈസർമാർക്ക് എറണാകുളം കളമശ്ശേരി മിഡിൽ ലെവൽ ട്രെയിനിംഗ് സെന്റർ മുഖാന്തിരവും ട്രെയിനിംഗ് നടത്തിയിട്ടുണ്ട്.

ഇത്തരത്തിൽ 2018-19 വർഷം സൂപ്പർവൈസർമാർക്ക് 25 പേർ വീതമുള്ള 5 ബാച്ചുകളിലായി 125 പേർക്കും 12 അങ്കണവാടി ട്രെയിനിംഗ് സെന്ററുകൾ മുഖാന്തിരം 1680 വർക്കർമാർക്കും 1000 ഹെൽപ്പർമാർക്കും പരിശീലനം നല്കിയിട്ടുണ്ട്.

**ഇൻസർവീസ് ട്രെയിനിംഗ്**

വകുപ്പിന് കീഴിൽ സേവനമനുഷ്ഠിയ്ക്കുന്ന ജീവനക്കാർക്ക് തിരുവനന്തപുരം IMG യുടെ ആഭിമുഖ്യത്തിൽ TNA, competent Frame work, Analysis എന്നിവ സംയുക്തമായി നടത്തുന്നതിനുള്ള പരിശീലന പരിപാടി, വകുപ്പിന് കീഴിൽ സേവനമനുഷ്ഠിയ്ക്കുന്ന ജില്ലാ വനിതാശിശുവികസന ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ, ശിശുവികസന പദ്ധതി ഓഫീസർമാർ, സൂപ്പർവൈസർമാർ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, സീനിയർ സൂപ്രണ്ടുമാർ, മഹിളാ മന്ദിരം സൂപ്രണ്ടുമാർ, ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർ, ആഡിറ്റ് ടീമിൽ ഉൾപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്കായി KFC, KSR, SPM,GSTR, Internal Audit തുടങ്ങിയ വിവിധ വിഷയങ്ങളിൽ അവബോധം സൃഷ്ടിയ്ക്കുന്നതിനായി Centre for Training in Financial Management മായി ചേർന്ന് ഒരു ത്രിദിന പരിശീലന പരിപാടി എന്നിവ ഇൻസർവീസ് ട്രെയിനിംഗിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

2019-20 ൽ 2235-02-102-44 (പ്ലാൻ) എന്ന ശീർഷകത്തിലൂടെ അങ്കണവാടി ട്രെയിനിംഗ് പദ്ധതി, ഇൻസർവീസ് ട്രെയിനിംഗ് എന്നീ പദ്ധതികൾക്കായി ചിലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഇനം, ശീർഷകം | ലഭ്യമായ കേന്ദ്ര വിഹിതം | സംസ്ഥാന ബജറ്റ് പ്രൊവിഷൻ | ചിലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|---|---|
| 2019-20 | അങ്കണവാടി ട്രെയിനിംഗ് 2235-02-102-44 (പ്ലാൻ) | ഇല്ല | 100 ലക്ഷം | 100 ലക്ഷം | 2018-19 വർഷം ബാക്കി നല്കാനുള്ള തുകയും 201-20 വർഷത്തെ ട്രെയിനിംഗ് ചിലവും 2020-21 വർഷത്തെ ഫണ്ടിൽ നിന്ന് നല്കുന്നതിന് സർക്കാർ അനുമതി തേടിയിട്ടുണ്ട്. |
| | ഇൻസർവീസ് ട്രെയിനിംഗ് 2235-02-001-88-91 (പ്ലാൻ) | ബാധകമല്ല | | 25.5 ലക്ഷം | |

**വിവിധ ദിനാചരണങ്ങൾ**

മുലയൂട്ടൽ വാരാചരണം, ഭക്ഷ്യ സുരക്ഷാ ദിനാചരണം, ഗാന്ധി ജയന്തി, കൗമാരദിനം, യോഗ ദിനം എന്നിവ വിവിധചടങ്ങുകൾ സംഘടിപ്പിച്ച് ആചരിച്ചു. പ്രസ്തുത ദിനാചരണങ്ങൾക്കായി 2235-02-103-59 (പ്ലാൻ) ശീർഷകത്തിൽ നിന്ന് 41,83,425/-രൂപ ( നാൽപ്പത്തി ഒന്ന് ലക്ഷത്തി എൺപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം)ചെലവഴിച്ചിട്ടുണ്ട്.

**പ്രവേശനോൽസവം 2019-20**

പുതുതായി അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജൂൺ, നവംബർ മാസങ്ങളിൽ പ്രവേശനോൽസവം സംഘടിപ്പിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 2235-02-102-56 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,65,57,500/-( കോടി അറുപത്തി അഞ്ച് ലക്ഷത്തി അൻപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2235-02-102-56(പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**2018-19 സാമ്പത്തിക വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന അവാർഡ്**

2018-19 സാമ്പത്തിക വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വച്ച വർക്കർ (37), ഹെൽപ്പർ (37) ശിശു വികസന പദ്ധതി ഓഫീസർ (2) പ്രോഗ്രാം ഓഫീസർ (1) സൂപ്പർവൈസർ (14), എന്നിവർക്കും ഐ സി ഡി എസ്സ് രംഗത്ത് മികച്ച നേതൃ പാടവം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും മികച്ച അങ്കണവാടിയ്ക്കും അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്.

പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2235-02-102-56 (പ്ലാൻ) ശീർഷകത്തിൽ നിന്നും തുക 1097500/-(പത്തു് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അഞ്ഞൂറ് രൂപാ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**ഇടമലക്കുടി –പത്താം തരം പാസ്സായ തദ്ദേശീയ വനിതകൾക്കായുള്ള പരിശീലനം**

ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമ പഞ്ചായത്തിലെ ഹെൽപ്പർമാരെ അഡീഷണൽ വർക്കറായി നിയമിക്കുന്നതിന്റെ ഭാഗമായി പത്താംതരം പാസ്സായ തദ്ദേശ വാസികളായ 22 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

പ്രസ്തുത പരിശീലനത്തിനായി 3,54,600/-രൂപ (മൂന്ന് ലക്ഷത്തിഅൻപത്തി നാലായിലത്തി അറുനൂറ് രൂപ മാത്രം). 2235-02-102-56 (പ്ലാൻ) ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**പ്രീ-സ്ക്കൂൾ പഠന സഹായികളുടെ കന്നട ഭാഷയിലേയ്ക്കുള്ള മൊഴിമാറ്റം**

2019-20 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ കന്നടഭാഷാ വിഭാഗത്തിൽപ്പെട്ട പ്രീ-സ്ക്കൂൾ കുട്ടികൾക്കായി അവരുടെ ഭാഷയിൽതന്നെ തയ്യാറാക്കിയ പ്രീ-സ്ക്കൂൾ പഠന സഹായികൾ (400 പകർപ്പ്) വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2235-02-102-47-34 എന്ന ശീർഷകത്തിൽ നിന്നും 453456/-(നാല് ലക്ഷത്തി അൻപത്തി മൂന്നായിരത്തി നാന്നൂറ്റി അൻപത്തി ആറ് രൂപാ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**വർക്കർമാർക്കുള്ള 3-ാം ഘട്ട ECCE പരിശീലനം**

കേന്ദ്ര ഇ.സി.സി.ഇ നയത്തിന്റെ അടിസ്ഥാനത്തിൽ ഇ.സി.സി.ഇ കരിക്കുലം കമ്മിറ്റി തയ്യാറാക്കിയ 30 തീമുകളെ ആധാരമാക്കി സംസ്ഥാനത്തെ 33115 അങ്കണവാടി വർക്കർമാർക്കുള്ള

ഇ.സി.സി.ഇ പരിശീലനത്തിന്റെ ആദ്യ രണ്ട് ഘട്ട പരിശീലനങ്ങൾ 2016-17 സാമ്പത്തിക വർഷത്തിലും തുടർന്ന് വരുന്ന 3-ാം ഘട്ട പരിശീലനം 2018-19 സാമ്പത്തിക വർഷത്തിലും പൂർത്തിയാക്കിയിട്ടുണ്ട്. 2235-02-102-41 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,32,46,000/-രൂപ (ഒരു കോടി മുപ്പത്തി രണ്ട് ലക്ഷത്തി നാൽപത്തി ആറായിരം രൂപ മാത്രം) ചെലവഴിച്ചാണ് പ്രസ്തുത 3-ാം ഘട്ട പ്രവർത്തനം പൂർത്തിയാക്കിയിട്ടുള്ളത്.

**അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം** 27/12/2019-ലെ സ.ഉ(സാ.ധാ) നം.803/2019/സാ.നീ.വ ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, അങ്കണവാടി ഹെൽപ്പർ എന്നിവർക്ക് യഥാക്രമം 11500/-, 10500/-, 7750/- രൂപയിൽ നിന്നും 12000, 11000, 8000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## സാമ്പത്തിക അവലോകനം - പ്ലാൻ 2019-20

| ക്രമ നം. | പദ്ധതിയും പരിപാടികളും | ശീർഷകം | വിഹിതം (ലക്ഷം) | ചെലവ് (ലക്ഷം) |
|---|---|---|---|---|
| 1 | വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ | 2235-02-001-89 | 300 | 106.259 |
| 2 | ഡിപ്പാർട്ട്മെന്റ് ഓഫീസർമാർക്കുള്ള ഇൻ സർവ്വീസ് ട്രെയിനിംഗ് | 2235-02-001-88 | 70 | 23.185 |
| 3 | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സാമൂഹ്യ മന:ശാസ്ത്ര സേവനം | 2235-02-102-62 | 2670 | 1863.227 |
| 4 | സമഗ്ര ശിശു സംരക്ഷണ പദ്ധതി | 2235-02-102-61 | 2500 | 1094.590 |
| 5 | അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ - ഒരു ജീവിത ചക്ര സമീപനം | 2235-02-102-56 | 1200 | 359.496 |
| 6 | അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടി | 2235-02-102-50 | 330 | 103.736 |
| 7 | ശിശുക്കളുടെ അഭിവൃദ്ധിക്കു വേണ്ടിയുള്ള ഏകീകൃത സേവനം | 2235-02-102-47 | 49900 | 46374.442 |
| 8 | ICDS പരിശീലന പരിപാടി | 2235-02-102-44 | 100 | 93.975 |
| 9 | ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായുള്ള ഡേ കെയർ സെന്ററുകളും മൊബൈൽ ക്രഷുകളും | 2235-02-102-42 | 311 | 45.893 |
| 10 | അങ്കണവാടി വർക്കേഴ്സിനുള്ള സംയോജിത ഗ്രാമ സാങ്കേതിക കേന്ദ്രത്തിന്റെ പരിശീലന പദ്ധതി | 2235-02-102-41 | 210 | 113.968 |
| 11 | കൗമാരപ്രായക്കാരായ പെൺകുട്ടി കളുടെ ശാക്തീകരണത്തിനു വേണ്ടിയുള്ള പദ്ധതി | 2235-02-102-40 | 200 | 147.648 |
| 12 | നാഷണൽ ക്രഷ് സ്കീം | 2235-02-102-38 | 783 | 2.274 |
| 13 | ഒ.ആർ.സി. ഉൾപ്പെടെയുള്ള നൂതന പദ്ധതികൾ | 2235-02-102-36 | 1200 | 528.535 |

| | | | | |
|---|---|---|---|---|
| 14 | അനുപൂരക പോഷകാഹാര പദ്ധതി | **2235-02-102-35** | 12355 | 9320.644 |
| 15 | അങ്കണവാടികളുടെ നിലവാരം മെച്ചപ്പെടുത്തൽ | **2235-02-102-33** | 2210 | 0 |
| 16 | അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ് ലെറ്റുകൾ | **2235-02-102-31** | 135 | 27.840 |
| 17 | അങ്കണവാടികളിൽ കുടിവെള്ള സൗകര്യങ്ങൾ | **2235-02-102-30** | 67 | 17.600 |
| 18 | നാഷണൽ ന്യൂട്രീഷൻ മിഷൻ | **2235-02-102-29** | 8950 | 5469.002 |
| 19 | ജെന്റർ പാർക്ക് | 2235-02-103-80 | 1050 | 779.504 |
| 20 | G S ന്റെ അടിസ്ഥാനത്തിൽ മാനന്തവാടി ബ്ലോക്കിലെ അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽത്ത് ട്രാക്കിംഗ് സിസ്റ്റം | 2235-02-103-73 | 100 | 4.705 |
| 21 | വനിതാ വികസന പദ്ധതികൾ | **2235-02-103-68** | **2200** | 1302.799 |
| 22 | സ്വാധാർ ഗൃഹ് പദ്ധതി | **2235-02-103-65** | **113** | 13.442 |
| 23 | ഉജ്ജ്വല | **2235-02-103-63** | 80 | 17.709 |
| 24 | ദേശീയ ദിനങ്ങൾ വാരാഘോഷങ്ങൾ എന്നിവയുടെ ആചരണവും ഡോക്യുമെന്റേഷനും പബ്ലിസിറ്റിയും | **2235-02-103-59** | 60 | 46.274 |
| 25 | വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളുടെ മാനേജ്മെന്റിന് സർക്കാർ NGO പങ്കാളിത്തം | **2235-02-103-58** | 50 | 0 |
| 26 | അക്രമങ്ങളിൽ നിന്നും രക്ഷപ്പെട്ടവർക്കുള്ള ആശ്വാസനിധി | **2235-02-103-57** | 300 | 77.1 |
| 27 | പ്രധാനമന്ത്രി മാതൃവന്ദന യോജന | **2235-02-103-56** | **7500** | 9210.57 (ESCROW അക്കൗണ്ടിലേത് ഉൾപ്പടെ) |
| 28 | മഹിളാ ശക്തി കേന്ദ്ര | **2235-02-103-54** | 300 | 2.931 |
| 29 | കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി | 2235-02-789-93 (SC) | 1964.48 | 1829.065 |
| 30 | കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി | 2235-02-796-93 (ST) | 540 | 452.839 |
| 31 | വിവിധ ശിശു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റീസ് ഫണ്ട് | **2235-02-106-91** | 20 | 4.331 |
| 32 | മാതൃകാ അങ്കണവാടികളുടെ നിർമ്മാണം | **4235-02-102-96** | 1550 | 196.629 |
| 33 | MGNREGA യുമായി സംയോജിച്ചുള്ള അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം | **4235-02-102-89** | 2000 | 0 |
| 34 | LSGD യുമായി ചേർന്നുമുള്ള അങ്കണവാടി കെട്ടിട നിർമ്മാണം | 4235-02-102-87 | 870 | 0 |
| 35 | പ്രളയത്തിൽ കേടുപാടുകൾ സംബന്ധിച്ച അങ്കണവാടികളുടെ പുനരുദ്ധാരണം | 4235-02-102-86 | 200 | 0 |
| 36 | നിർഭയ ഹോമുകളുടെ നിർമ്മാണം | **4235-02-103-99** | 500 | 155.251 |
| 37 | സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | **4235-02-103-97** | 300 | 106.259 |
| 38 | സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം | **4235-02-103-96** | 180 | 91.210 |

<u>നോൺ പ്ലാൻ- 2019-20</u>

| ക്രമ നം. | പദ്ധതിയും പരിപാടികളും | ശീർഷകം | വിഹിതം (ലക്ഷം) | ചെലവ് (ലക്ഷം) |
|---|---|---|---|---|
| 1 | പദ്ധതി ആവിഷ്കരണ നിരീക്ഷണ സെൽ | 2235-02-001-97 | 17.11 | 10.10 |
| 2 | ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവഹണം | 2235-02-001-92 | o | o |
| 3 | വനിതാ ശിശുവികസന ഡയറക്ടർ ഓഫീസ് | 2235-02-001-90 | 187.81 | 184.18 |
| 4 | കുട്ടികളുടെ നിയമം നടപ്പാക്കൽ | 2235-02-102-94 | 55.6 | 54.55 |
| 5 | കേരള അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി | 2235-02-102-89 | 1306.05 | 97.38 |
| 6 | അഡോപ്ഷൻ സെൽ | 2235-02-102-76 | 23.6 | 23.01 |
| 7 | മറ്റ് സ്ഥാപനങ്ങൾ | 2235-02-102-57 | 31.11 | 30 |
| 8 | അങ്കണവാടി തൊഴിലാളി കളുടെയും സഹായികളുടെയും വേതനം വർധിപ്പിക്കൽ | 2235-02-102-55 | 36877.03 | 36877.03 |
| 9 | അങ്കണവാടി തൊഴിലാളികൾക്കും സഹായികൾക്കും പ്രാദേശിക സർക്കാരുകൾക്കും നൽകേണ്ട പ്രതിഫലം സാമൂഹ്യ നീതി വകുപ്പ് മുഖേന വിതരണം ചെയ്യുന്നതിനുള്ള വിഹിതം | 2235-02-102-34 | 14481.92 | 13922.32 |
| 10 | അഭയക്കുള്ള ധനസഹായം | 2235-02-103-87 | 33 | 0 |
| 11 | ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ | 2235-02-103-85 | 144.76 | 140.58 |
| 12 | വിധവകളുടെ കുട്ടികൾക്കുള്ള ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ധനസഹായം | 2235-02-103-77 | 40 | 16.90 |
| 13 | അന്വേഷി വനിതാ കൗൺസിലിങ് സെന്റർ | 2235-02-103-64 | 25 | 20 |
| 14 | സാധു ഭവനങ്ങൾ, യാചക കേന്ദ്രങ്ങൾ, അബലാ മന്ദിരം മുതലായവ | 2235-02-104-96 | 286.67 | 258.69 |
| 15 | ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കൽ | 2235-02-104-94 | 0.01 | 0 |
| 16 | ജുവനൈൽ ജസ്റ്റിസ് ആക്ടിന് കീഴിലുള്ള ജുവനൈൽ ഭവനങ്ങൾ | 2235-02-106-99 | 592.09 | 494.38 |
| 17 | പ്രൊബേഷൻ സമ്പ്രദായവും അനന്തര സേവനങ്ങളും വികസിപ്പിക്കൽ | 2235-02-106-96 | 46.78 | 43.93 |
| 18 | ജുവനൈൽ ജസ്റ്റിസ് ആക്ടിന് കീഴിലുള്ള നിരീക്ഷണ ഭവനങ്ങൾ | 2235-02-106-95 | 356.60 | 335.88 |
| 19 | സങ്കേത ഭവനങ്ങളും പരിരക്ഷാലയങ്ങളും | 2235-02-106-94 | 263.82 | 206.48 |
| 20 | ശിശുദിനാഘോഷങ്ങൾ സഹായധനം | 2235-02-107-96 | 0.62 | 0 |
| 21 | സ്ത്രീ ശാക്തീകരണത്തിനുള്ള ശാരദകൃഷ്ണയ്യർ സദ്ഗമയ കേന്ദ്രം | 2235-02-107-95 | 11.55 | 3.745 |

# കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ബോർഡ്

**വാർഷിക ഭരണ റിപ്പോർട്ട്**

**2019–2020**

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്
പൂജപ്പുര (പി.ഒ), തിരുവനന്തപുരം 695012
ഫോൺ : 0471–2342433
ഇ-മെയിൽ : awwfkerala@gmail.com

**ആമുഖം**

അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി 1993 ൽ ആരംഭിച്ചു. അന്ന് മുതൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിനോടനുബന്ധിച്ച് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു. 2006 ൽ ക്ഷേമനിധി ചട്ടം ഭേദഗതി വരുത്തി. സാ.ഉ(സാധാ) നമ്പർ 523/2016/സാനീവ തീയതി 11/11/2016 സർക്കാർ ഉത്തരവ് പ്രകാരം 2015 നവംബർ 12-ാം തീയതി മുതൽ അങ്കണവാടി വർക്കർമാരിൽ നിന്ന് 200/-രൂപയും അങ്കണവാടി ഹെൽപ്പർമാരിൽ നിന്നും 100/- രൂപയും പ്രതിമാസ വിഹിതമായി ക്ഷേമനിധിയിലേക്ക് പിടിക്കുന്നു. ഇതിന്റെ 50% ന് തുല്യമായ തുക സർക്കാർ വിഹിതമായും ലഭിക്കുന്നു.

ഇത്തരത്തിൽ സ്വരൂപിച്ചിട്ടുള്ള തുകയുടെ പലിശയിൽ നിന്നാണ് പ്രധാനമായും ആനുകൂല്യ ങ്ങൾ നൽകി വരുന്നത്. സ.ഉ (കൈ) നം 15/2017/സാനീവ തീയതി 22/04/2017 ഉത്തരവ് പ്രകാരം പെൻഷൻ ആനുകൂല്യമായി അങ്കണവാടി വർക്കർമാർക്ക് 1000/- രൂപയും ഹെൽപ്പർമാർക്ക് 600/- രൂപ യുമാണ് 2016 ഏപ്രിൽ 1 മുതൽ നൽകി വരുന്നത്. കൂടാതെ മറ്റ് ആനുകൂല്യമായി വൈദ്യസഹായം 5000/- രൂപ നൽകി വരുന്നു.

2019-20 വർഷം ക്ഷേമനിധിയുടെ മുതൽ ആയി 233603686/ (ഇരുപത്തിമൂന്ന് കോടി മുപ്പത്തിയാറ് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി എൻപത്തിയാറ് രൂപ മാത്രം) രൂപയുണ്ട്.

2019-20 വർഷം 658 വർക്കർമാരും 747 ഹെൽപ്പർമാരും പെൻഷനായി. ഇവർക്ക് പെൻഷൻ ആനുകൂല്യവും ഗ്രാറ്റുവിറ്റിയും അനുവദിച്ചു നൽകി.

അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിനും അവ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്ന തിനും, ഇതിനായി കൂടുതൽ കാര്യക്ഷമമായി ഇടപെടുന്നതിനും വേണ്ടിയാണ് 2013 ൽ അങ്കണവാടി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്.

ക്ഷേമനിധി ബോർഡിന്റെ ചെയർപേഴ്സണായി ശ്രീമതി കെ. പി ജൽസീമിയ അംഗങ്ങളായി ശ്രീ മാത്യൂ കുളങ്ങര, ശ്രീമതി വി. സി കാർത്ത്യായനി, ശ്രീമതി പി. വിജയമ്മ, ശ്രീമതി സി.എച്ച് ജമീല, ശ്രീ യു. പോക്കർ എന്നിവരേയും നിയമിച്ചു.

28189/ലെഗ്.എച്ച്1/2018/നിയമം തീയതി 2019 മാർച്ച് 1 ന് 10-ാം വകുപ്പിന്റെ ഭേദഗതിയായി (3)-ാം ഉപവകുപ്പിൽ ഖണ്ഡം (iv) "സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ" എന്ന വാക്കുചേർത്തും ഖണ്ഡം (vi) ൽ "സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്ക് പകരം "വനിതാ ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ "എന്ന വാക്കുകൾ ചേർത്തും പ്രധാന ആക്ടിലെ 12-ാംവകുപ്പിലെ (1)-ാം ഉപവകുപ്പിൽ "വർഷകാലത്തേക്ക്" എന്ന വാക്കുകൾക്ക് പകരം "3 വർഷക്കാലത്തേക്ക്" എന്ന വാക്കുകൾ ചേർത്തും ആക്ടിൽ ഭേദഗതി വരുത്തുകയുണ്ടായി

2016 മാർച്ച് 4 ാം തീയതിയിലെ സാ. ഉ (അച്ചടി) 5/2016/സാനീവ നമ്പർ ആയി പുറപ്പെടുവിച്ചതും 2016 മാർച്ച് 4 ാം തീയതിയിലെ 588 ാം നമ്പർ കേരളാ അസാധാരണ ഗസറ്റിൽ

എസ്.ആർ.ഒ. നമ്പർ 254/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം സ.ഉ (അച്ചടി) നമ്പർ 7/2019/ സാനീവ തീയതി 01/06/2019 ആയത് പ്രകാരം ഭേദഗതി വരുത്തി ശ്രീമതി. ജൽസീമിയ ചെയർപേഴ്സൺ ആയിട്ടുള്ള ക്ഷേമനിധി ബോർഡ് പിരിച്ചുവിടുകയും ശ്രീമതി. വി. സി കാർത്ത്യായനി ചെയർപേഴ്സണായും ശ്രീമതി മേരി ജോബ്, ശ്രീമതി കെ.കെ പ്രസന്നകുമാരി, ശ്രീമതി കവിതാ സന്തോഷ്, ശ്രീ മാത്യു കുളങ്ങര എന്നിവർ അംഗങ്ങളായിട്ടുമുള്ള പുതിയ ബോർഡ് രൂപീകരിക്കുകയുണ്ടായി.

സാമൂഹ്യനീതി വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ റീജിണൽ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. മുകുന്ദൻ ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ അധിക ചുമതല 27.09.2019 മുതൽ 19.05.2019 വരെ വഹിച്ചു. തുടർന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീമതി. ബിന്ദു ഗോപിനാഥ് 20/05/2019 മുതൽ ക്ഷേമ നിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ ചുമതല വഹിക്കുന്നു.

ക്ഷേമനിധി ബോർഡ് മൂന്ന്മാസത്തിൽ ഒരിക്കൽ ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ കൂടുകയും അങ്കണവാടി പ്രവർത്തകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു വരുന്നു

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
തിരുവനന്തപുരം - 695601
മൊബൈൽ : 944776242463
പൂജപ്പുര

# വാർഷിക ഭരണ റിപ്പോർട്ട് 2019-20

## എ. സംസ്ഥാനതലം

കേരള അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് 07.03.2013 ൽ നിലവിൽ വന്നു. 2019 ഫെബ്രുവരി 28 വരെ ശ്രീമതി ജൽസീമിയയും 2019 ജൂൺ 1 മുതൽ ശ്രീമതി വി.സി കാർത്ത്യയനിയും ചെയർപേഴ്സൺ സ്ഥാനം നിർവഹിക്കുന്നു.

### അംഗങ്ങൾ (28.02.2019 വരെ)

1. ശ്രീമതി സി.എച്ച് ജമീല
2. ശ്രീമതി പി. വിജയമ്മ
3. ശ്രീമതി വി.സി കാർത്ത്യായനി
4. ശ്രീ യു. പോക്കർ
5. ശ്രീ മാത്യു കുളങ്ങര

### അംഗങ്ങൾ (01.06.2019 മുതൽ)

1. ശ്രീമതി. മേരി ജോബ്
2. ശ്രീമതി.കെ.കെ പ്രസന്നകുമാരി
3. ശ്രീമതി. കവിതാ സന്തോഷ്
4. ശ്രീ. മാത്യു കുളങ്ങര

### വിദഗ്ദാംഗം

1. ശ്രീ. മുകുന്ദൻ (27.09.2019 മുതൽ 19.05.2019)
2. ഡോ. ടി.കെ ആനന്ദി
3. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ : ശ്രീമതി. ഷീബ ജോർജ്, ഐ.എ.എസ്
4. അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. ചീഫ് എക്സിക്യൂട്ടീവ് ആഫീസർ: ശ്രീമതി. ബിന്ദു ഗോപിനാഥ് (20/05/2019 മുതൽ)
6. ജോയിന്റ് സെക്രട്ടറി ധനകാര്യ വകുപ്പ്
7. ജോയിന്റ് സെക്രട്ടറി ധനകാര്യ വകുപ്പ്

### ആഫീസ് ജീവനക്കാർ

| | | |
|---|---|---|
| 1. | സീനിയർ സൂപ്രണ്ട് | : |
| 2. | ജൂനിയർ സൂപ്രണ്ട് | : ശ്രീ. വിജയകുമാർ (24.09.2018 മുതൽ 30/10/2019 വരെ) |
| 3. | ഹെഡ് അക്കൗണ്ടന്റ് | : ശ്രീമതി രാജി കൃഷ്ണൻ(UP TO 2019 NOVEMBER) |
| 4. | സീനിയർ ക്ലർക്ക് | : ശ്രീമതി. മഞ്ജു എസ് (18.02.2019 മുതൽ),<br>ദീപ ബി.കെ<br>(16/08/2019 മുതൽ 13/02/2020 വരെ |
| 5. | ജൂനിയർ ക്ലർക്ക് | : 1) ശ്രീമതി ഗീത .എൻ<br>2) കുമാരി ഉദയം (Rtd on 31/05/2020)<br>3) ഷാഹിന .എസ് (14/02/2020 മുതൽ) |

6. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് : ശ്രീ. ജി.എം അശോകൻ (Rtd on 31/10/2019)
7. ഓഫീസ് അറ്റന്റന്റ് : ശ്രീ. ബിജുകുമാർ എസ്
8. ഷെമിനാസ്.സി : ഡേറ്റാ എൻട്രി കം ടൈപ്പിസ്റ്റ് (Daily Wages)

ക്ഷേമനിധിയുടെ ഭരണപരമായ ചുമതലകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർവ്വഹിക്കുന്നു. ക്ഷേമനിധിയുടെ സംസ്ഥാനതല ഓഫീസ് വനിതാ ശിശു വികസന വകുപ്പ് ഡയറക്ട്രേറ്റ്, പൂജപ്പുരയിൽ പ്രവർത്തിക്കുന്നു.

**ബി. <u>ജില്ലാതലം</u>**

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ക്ഷേമനിധിയുടെ ജില്ലാതല എക്സ് ഓഫിഷ്യോ ഇൻസ്പെക്ടർമാരാണ്. ജില്ലാ ക്ഷേമനിധി ജോലികൾ ചെയ്യുന്നതിനായി ഓരോ അക്കൗണ്ടന്റ്മാരെ ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ നിയമിച്ചിട്ടുണ്ട്.

**സി. <u>അംഗത്വം</u>**

2019-20 വർഷം 32915 അങ്കണവാടി വർക്കർമാരും 32815 അങ്കണവാടി ഹെൽപ്പർമാരും ഉൾപ്പെടെ ആകെ 65730 അംഗങ്ങളുണ്ട്.

**ഡി. <u>ക്ഷേമനിധിയുടെ വരുമാനം</u>**

**I.** അംഗങ്ങളുടെ വിഹിതം:-

ക്ഷേമനിധിയിൽ അംഗമായിട്ടുള്ള വർക്കർമാർ പ്രതിമാസം 200/- രൂപയും ഹെൽപ്പർമാർ പ്രതിമാസം 100/- രൂപയും ക്ഷേമനിധി വിഹിതമായി നിക്ഷേപിക്കുന്നു. ഇതിന് 50% തുല്യമായ തുക സർക്കാർ വിഹിതമായി ലഭിക്കുന്നു

**II. സർക്കാർ വിഹിതം**

ഓരോ സാമ്പത്തിക വർഷവും അങ്കണവാടി പ്രവർത്തകർ ക്ഷേമനിധി വിഹിതമായി അടക്കുന്ന തുകയുടെ 50%.ന് തുല്യമായ തുകയാണ് സർക്കാർ വിഹിതമായി ലഭിക്കുന്നത്. സ.ഉ (സാധാ) നം 489/19 സാ.നീവ തീയതി 6.08.2019 ഉത്തരവ് പ്രകാരം 2019-20 വർഷം ക്ഷേമനിധി വിഹിതമായി 5,00,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

**III. നിക്ഷേപം:-**

അങ്കണവാടി പ്രവർത്തകർ ക്ഷേമനിധിയിലേക്ക് നിക്ഷേപിക്കുന്ന തുക വനിതാ ശിശു വികസന ഡയറക്ടറുടെയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും സംയുക്തമായ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, അതിൽ നിന്നും പെൻഷൻ, ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവ അനുവദിച്ചതിനുശേഷമുള്ള തുക സ്ഥിര നിക്ഷേപമായി എസ്.ബി.ഐ യുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലോ തിരുവനന്തപുരം ജില്ലാ ട്രെഷറിയിലോ നിക്ഷേപിക്കുകയും ചെയ്യുന്നു. 2019-20 വർഷം വരെ 300442947/- രൂപ സ്ഥിര നിക്ഷേപമായി ഉണ്ട്.

## IV. ക്ഷേമനിധിയുടെ നടത്തിപ്പ് ചെലവ്

ക്ഷേമനിധിയുടെ ഭരണചെലവിനുള്ള തുക 2235-02-102-89 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും സർക്കാർ വിനിയോഗിക്കുന്നു. ഭരണചെലവ് ക്ഷേമനിധി വിഹിതത്തിന്റെ 10% ൽ കവിയാതെ ക്ഷേമനിധി ഫണ്ടിൽ നിന്നും വഹിക്കുന്നതിനാണ് ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഭരണ ചെലവിൻ പ്രകാരം ജീവനക്കാരുടെ ശമ്പളം ഉൾപ്പെടുന്നില്ല.

### എഫ്. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ

| ക്രമ നം. | ഇനം | തുക | എണ്ണം |
|---|---|---|---|
| 1 | പെൻഷൻ | 136582829 | 11815 |
| 2 | രാജി വച്ചവർക്കുള്ള ആനുകൂല്യം | 2175976 | 135 |
| 3 | മരണാനന്തരാനുകൂല്യം | 1993945 | 139 |
| 4 | പെൻഷൻകാർക്കുള്ള ആനുകൂല്യം | 34098677 | 1405 |
| 5 | ഗ്രാറ്റ്വിറ്റി | 17940000 | 1405 |

### വരവ് ചെലവ് കണക്ക് 2019-20

| income | | expenditure | |
|---|---|---|---|
| വിവരണം | തുക | വിവരണം | തുക |
| പ്രാരംഭ ബാക്കി (OB) | | പെൻഷൻ | 136582829/- |
| കൈവശമുള്ള ക്യാഷ് nil | | | |
| ബാങ്കിൽ നിലവിലുള്ള തുക - 26209502.40 | | രാജി വച്ച വർക്കർക്കുള്ള ആനുകൂല്യം | 2175976/- |
| സ്ഥിര നിക്ഷേപം - 359756502 | | മരണാനന്തരാനുകൂല്യം | 1993945/- |
| TSB 43381674 | | വിരമിക്കൽ ആനുകൂല്യം | 34098677/- |
| ക്ഷേമനിധി വിഹിതം | 110392899/- | | |
| സർക്കാർ വിഹിതം **(STSB)** | 5,0000,000/- | ഗ്രാറ്റ്വിറ്റി | 17940000/- |
| Fixed Deposit Released | 73210787/- | വേതനം (data entry cum typist) | 183225/- |
| | | പ്രിന്റിംഗ് ചാർജ് | 2425/- |
| | | | |
| | | ടെലിഫോൺ ചാർജ് | 9291/- |
| | | ഓഫീസ് ചെലവ് | 6357/- |
| | | ഹോണറേറിയം (ചെയർപേഴ്സൺ) | 177079 - |
| | | റ്റി.എ | 112479/- |
| | | ഫെസ്റ്റിവൽ അലവൻസ് വിരമിച്ച് അങ്കണവാടി ജീവനക്കാർ | 10397000/- |
| | | ഫെസ്റ്റിവൽ അലവൻസ് (data entry cum typist) | 1210/- |
| **ആകെ** | **233603686** | | **203680493** |

**31/03/2020 ക്ലോസിംഗ് ബാലൻസ്**

| ഇനം | തുക (രൂപ) |
|---|---|
| സ്ഥിര നിക്ഷേപം | 300442947 |
| ബാങ്ക് അക്കൗണ്ട് 1 | 166806950.1 |
| ബാങ്ക് അക്കൗണ്ട് 2 | 4067 |
| ബാങ്ക് അക്കൗണ്ട് 3 | 46826652 |
| | 514080616 |

537